കേരള സർക്കാർ

*കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്*

*[www.lfa.kerala.gov.in](http://www.lfa.kerala.gov.in)*

# *വിളക്കുടി ഗ്രാമപഞ്ചായത്ത്*
# *ഓഡിറ്റ് റിപ്പോർട്ട്* 2018-2019


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

**e-mail:doklm.ksad@kerala.gov.in**

*(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)*

നം.കെ.എസ്.എ.കെ.എൽ.എം.പി 9/1523/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 05 /12/2019

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

വിളക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളക്കുടി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം2, ഭാഗം3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം,(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി9/1523/2019 തീയതി: 05 /12/2019

**കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 31.09.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.09.2019 മുതൽ 05.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രദീപ് കുമാർ പി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സിജാറാണി എസ്സ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി. അമ്പിളി ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുബി എസ്സ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. അന്ന കെ ആനന്ദ് | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി.വിജയൻ | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ.റ്റി എൻ ഭദ്രൻ | 01.04.2018 മുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിനോദ് കുമാർ. | 01-4-2018മുതൽ |

| | | |
|---|---|---|
| | | 10-10-2018 വരെ |
| | ശ്രീ.ജോസഫ് അലോഷ്യസ് | 2-10-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രാജേന്ദ്രകുമാർ | 01.04.2018 മുതൽ 14.06.2018 FN വരെ |
| | ശ്രീമതി. രശ്മി റ്റി നായർ | 14.06.18 AN മുതൽ 02.07.18 FN വരെ |
| | ശ്രീമതി. ബി ആർ രമാകുമാരി | 02.07.18 AN മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അഞ്ജു ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഉഷ കെ ഷാനി | 01.04.2018 മുതൽ 11.08.2018 വരെ |
| | ഡോ.സിന്ധു ബാലൻ | 12.08.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.മറിയാമ്മ മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.രമ്യ ആർ എസ്സ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീമതി. സിന്ധു റ്റി | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ. സുരേഷ് കുമാർ | 01.04.2018 മുതൽ 09.10.18 വരെ |
| | ശ്രീ. ജിജി ഗോപാൽ | 10.10.18 മുതൽ 31.03.19 വരെ |
| എച്ച്.എം | ശ്രീമതി.രേണുക എൻ | 01.04.2018 മുതൽ 01.06.2018 വരെ |
| | ശ്രീമതി.ലത എസ്സ് | 04.06.18 മുതൽ 19.07.18 വരെ |
| | ശ്രീ.ശ്രീകുമാർ എം | 20.07.18 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മറിയാമ്മ ഡാനിയേൽ | 01.04.2018 മുതൽ 26.07.2018 വരെ |
| | ശ്രീമതി.സുലൈജ ബീഗം | 27.07.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.പ്രഫുലാൽ | 01.04.2018 മുതൽ 31.03.2019 വരെ |

# ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ലൈഫ് മിഷൻ പദ്ധതി അവലോകനം | 1-12 |
| 13 | സർക്കാർ നിർദ്ദേശമോ കമ്മിറ്റി തീരുമാനമോ കൂടാതെ താൽക്കാലിക നിയമനം- 26975/-രൂപ നിരാകരിക്കുന്നു | 1-13 |
| 14 | എസ്.സി. കുട്ടികൾക്ക് സൈക്കിൾ വിതരണം- വിതരണ രേഖകളില്ല | 1-14 |
| 15 | മരാമത്ത് പ്രവൃത്തി :ചെയ്യാത്ത പ്രവൃത്തി ഇനങ്ങൾക്ക് തുക അനുവദിച്ചു നൽകി : 184760/- രൂപായുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 1-15 |
| 16 | പട്ടികജാതി കുട്ടികൾക്ക് ഫർണിച്ചർ :- കരാറുകാരന് കരാർ തുകയിലും അധികമായി തുക നൽകി . 30069/- രൂപായുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 1-16 |
| 17 | ആശ്രയ : ഭക്ഷ്യ ധാന്യ വിതരണം – പദ്ധതി നടത്തിപ്പിൽ വരുത്തിയതായി രേഖയില്ല - 500000 / - രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . | 1-17 |
| 18 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയെങ്കിലും പണി പൂർത്തീയായില്ല | 1-18 |
| 19 | കറവ പശു വളർത്തൽ പദ്ധതിയിലെ അപാകതകൾ | 1-19 |
| 20 | പ്രോജക്ടർ വാങ്ങൽ-സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയിൽ നിന്നും അധികരിച്ച് ചെലവഴിച്ചു | 1-20 |
| 21 | തൻവർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് ആനുകൂല്യം നൽകി-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-21 |
| 22 | കറവ പ്പശുവിന് കാലിത്തീറ്റ---അപാകതൾ | 1-22 |
| 23 | തെരുവ് വിളക്ക് മെയിന്റനൻസ് – രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-23 |
| 24 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-24 |
| 25 | റോഡ് റിസ്റ്റൊറേഷൻ ചാർജ്ജ് ഈടാക്കിയില്ല. | 1-25 |
| 26 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 1-26 |

| | | |
|---|---|---|
| 27 | എക്സൈസ് റേഞ്ച് ഓഫീസിന് വാടകയില്ലാതെ കെട്ടിടം നൽകി | 1-27 |
| 28 | പണമാക്കിമാറ്റാത്ത 1,47,318/- രൂപയുടെ ചെക്കുകൾ അവശേഷിക്കുന്നു | 1-28 |
| 29 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലൂണ്ടായ അപാകതകൾ | 1-29 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ - ഇല്ല** | |
| | **ഭാഗം 3** | |
| 29 | കറവ പശു വളർത്തൽ -അധികം തുക നൽകി | 3-1 |
| 30 | പ്രോജക്ടർ വാങ്ങൽ-സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയിൽ നിന്നും അധികരിച്ച് ചെലവഴിച്ചു | 3-2 |
| 31 | സർക്കാർ നിർദ്ദേശമോ കമ്മിറ്റി തീരുമാനമോ കൂടാതെ താൽക്കാലിക നിയമനം- 26975/-രൂപ നിരാകരിക്കുന്നു | 3-3 |
| 32 | മരാമത്ത് പ്രവൃത്തി :ചെയ്യാത്ത പ്രവൃത്തി ഇനങ്ങൾക്ക് തുക അനുവദിച്ചു നൽകി : 184760/- രൂപായുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-4 |
| 33 | എസ്.സി. കുട്ടികൾക്ക് സൈക്കിൾ വിതരണം- വിതരണ രേഖകളില്ല | 3-5 |
| 34 | പട്ടികജാതി കുട്ടികൾക്ക് ഫർണിച്ചർ :- കരാറുകാരന് കരാർ തുകയിലും അധികമായി തുക നൽകി . 30069/- രൂപായുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 3-6 |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപം | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 46 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2018-19 | 1 |
| 47 | അനുബന്ധം -2, അനുബന്ധപത്രികകൾ | 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

25-2-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 9-5-2019 | ---- | ---- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13249749 |
| വരവ് | 125569904 |
| ആകെ | 138819653 |
| ചെലവ് | 100790880 |
| നീക്കിയിരിപ്പ് | 38028773 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 25260000 | 25260000 | 22884424 | 2375576 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 8205000 | 8205000 | 7217180 | 987820 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 142000 | 142000 | 0 | 142000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9576000 | 9576000 | 7101089 | 2474911 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5404000 | 5404000 | 5329766 | 74234 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 14085293 | 14085293 | 9624985 | 4460308 |
| എസ്.എസ്.എ. | | 7226 | 289 | 7515 | 0 | 7515 |
| സാക്ഷരത | | 84963 | 3014 | 87977 | 0 | 87977 |
| റ്റി.എസ്.സി | | 212130 | 916892 | 1129022 | 200000 | 929022 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6655 | 428700 | 435355 | 427870 | 7485 |
| | തൊഴിലാളികളുടെ കൂലി | 0 | 48804870 | 48804870 | 48804870 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഐ.സി.ഡി.എസ് | | 1239043 | 1689014 | 2928057 | 700000 | 2228057 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വമിഷൻ | | | 846184 | 846184 | 0 | 846184 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 2500000 | 0 | 2500000 | 2000000 | 500000 |
| | ജില്ലാ പഞ്ചായത്ത് | 6597 | 3204250 | 3210847 | 3181661 | 29186 |
| ബി ഫണ്ട് | | 0 | 429840 | 429840 | 429840 | 0 |
| ബ്ലോക്ക് | | 18835 | 2244063 | 2262898 | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 11484759 | | | | 9326934 |
| | ട്രഷറി അക്കൗണ്ട് | 527607 | | | | 27609440 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 298 | 187737121 | 187 | 79667588 | 13 | 98 | 62.75 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6655 | 428700 | 435355 | 427870 | 7485 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 48804870 | 48804870 | 48804870 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 384840 | 405 |
| കർഷകതൊഴിലാളി പെൻഷൻ | 4203000 | 1016 |
| വിധവാപെൻഷൻ | 17283900 | 4309 |
| വാർദ്ധക്യകാലപെൻഷൻ | 22084900 | 5387 |
| വികലാംഗപെൻഷൻ | 5110700 | 1213 |
| | | |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 411400 | 105 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-09-2019 ന് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,598/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്.

<u>എ) ഫ്രണ്ട് ഓഫീസ് പ്രവർത്തനം</u>

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വാർഡ്തലത്തിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നു. ആയതിൻപ്രകാരം തൊഴിൽ നികുതി, ലൈസൻസ് ഇവ ഈടാക്കാനും ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാന വർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ നൽകാനും ശ്രദ്ധിക്കുന്നുണ്ട്.

<u>സി) വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ്</u>

കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29 ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ അധികാരപ്പെടുത്തും വിധം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്,ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

<u>ഡി) അനിവാര്യചുമതലകളുടെ നിർവ്വഹണം</u>

കേരളാപഞ്ചായത്ത് രാജ് ആക്റ്റ് 166ാം വകുപ്പ് 1-ാം ഉപവകുപ്പിൽ ഉൾപ്പെട്ട

തെരുവുവിളക്കുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതിപ്രകാരമുള്ള വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/ പ്രൊക്യൂയർമെന്റ് കമ്മറ്റികളുടെ ചുമതലയിൽ നടത്തുന്നുണ്ട്.

## ഇ) ആസ്തികളുടെ സംരക്ഷണം

ആസ്തി സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ , സോഷ്യൽമാപ്പ് എന്നിവ സൂക്ഷിച്ചിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8/7/19 | 4/2019 -- -6/2019 | 8/7/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8/6/2016 | 2011-12 - -2015-16 | 8/7/16 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.19.01.2006 മുതൽ 27.01.2010 വരെ വിവിധ പ്രവർത്തികൾക്കായി പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള നിരതദ്രവ്യതുകകൾ നിയമാനുസൃതമായ കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ ആയത് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടി പഞ്ചായത്തിന്റെ ബാധ്യതയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

2.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B1 പ്രകാരം Excess of Income Over Expenditure 2017-18ൽ 2,35,56,600/- രൂപയും 2018-19 ൽ 1,67,60,869/-രൂപയുമാണ്. എന്നാൽ തൻവർഷത്തെ General Ledger Trial Balance പ്രകാരം (31900101) OBയും CBയും 30123992/- രൂപയാണ്.

3.2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരം B3 ഷെഡ്യൂളിൽ Capital Contribution 30125495/- രൂപയാണ് എന്നാൽ തൻവർഷത്തെ General Ledger Trial Balance പ്രകാരം 312100101 എന്ന ഹെഡിൽ OB 25128089/- രൂപയാണ്.

4.കെട്ടിടനികുതി വാർഷിക ധനകാര്യ പത്രികയിലെ തുകയും സഞ്ചയ സ്റ്റേറ്റ്മെന്റിലെ തുകയും പൊരുത്തപ്പെടുന്നില്ല.

5.വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം 180000/- രൂപ വരവുണ്ട്. (സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം ബിൽ നം. 8/20.7.18 -30000/-രൂപയും ബിൽ നം.33/7.1.19 -150000/- രൂപയും) എന്നാൽ എ.എഫ്.എസിൽ വരവ് തുക ഉൾപ്പെടുത്തിയിട്ടില്ല.

6.കേന്ദ്രാവിഷ്കൃത ഫണ്ടുകളായ റ്റി.എസ്.സി, ഐ.സി.ഡി.എസ് എന്നിവടുടെ വരവു തുകകൾ, വിമുക്തി വരവ്, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വരവുകൾ എന്നിവടയുടെയും ആയതിന്റെ ചെലവ്, നീക്കിബാക്കി വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7.ഷെഡ്യൂൾ B5 പ്രകാരമുള്ള Secured Loan 18182177/-രൂപ വരവിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8.B9 ഷെഡ്യൂൾ പ്രകാരം Pension contribution payable 55875/-രൂപയും റിക്കവറി കെ.എസ്.എഫ്.ഇ 13000/- രൂപയുമാണ് . എന്നാൽ മാർച്ച് 2019ൽ മേൽപ്പടി ലയബിലിറ്റി ഇനത്തിൽ ചെലവഴിച്ചിരിക്കുന്ന തുക യഥാക്രമം 53401/-രൂപയും 7000/-രൂപയുമാണ്

9.B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുൻകൂർ വരവ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

10.പ്രൊഫഷണൽ ടാക്സ് എംപ്ലോയിസ് വരവ് രജിസ്റ്റർ പ്രകാരം 1079500/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 999500/- രൂപയാണ്.

11.ഷെഡ്യൂൾ RP9 Interest Earned എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന പലിശ വരവിൽ SBT Own Fund അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത KURDFC ലോണിൽ നിന്നുള്ള പലിശ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

12.ആവണീശ്വരം സർവ്വീസ് കോ. ബാങ്ക് പാസ്ബുക്ക് പ്രകാരം 31.3.19ലെ നീക്കിബാക്കി 4698919/- രൂപയാണ്. എന്നാൽ ബാങ്ക് ബുക്കിലെ തുകയുമായി റീക്കൺസിലേഷൻനടത്തിയിരിക്കുന്നത് 5021275/- എന്ന തുകയുടെ അടിസ്ഥാനത്തിലാണ്.

13.2018-19 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 172000/- രൂപയുടെ മെറ്റീരിയൽ വർക്ക് ചെയ്തിട്ടുണ്ട്. എന്നാൽ മേൽപ്പടി തുകയുടെ ചെലവ് ഒഴിവാക്കാതെയാണ് Income & expenditure ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

14.Treasury Savings Bank Account-ന്റെ പൊരുത്തപ്പെടുത്തൽ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## ABSTRACT OF DEFECTS/DISCREPANCIES

1.The time barred earnest money deposits has to be forfeited to the Panchayath fund.

2.As per the balance sheets of 17-18 and 18-19 AFS, the excess of income over expenditure are of Rs.2,35,56,600/- and Rs. 1,67,60,869/- respectively. But as per the

General ledger Trial balance attached to the 18-19 AFS, in head code 310900101, the opening and closing balances are Rs.3,01,23,992/-.

3.As per the AFS f 17-18 Financial Year, the Capital Contribution in B3 Schedule is Rs. 30125495/-. But in General Ledger Trial balance of 18-19 Financial Year, the opening balance of Capital Contribution is Rs. 2,51,28,089/-.

4.property Tax as per the AFS does not agree with the Sanchaya Statement.

5.The amount of Rs. 1,80,000/- received and spent as the financial assistance to the widows daughter's marriage assistance is not included in AFS.

6.The Receipt, payment and Balance details of funds like TSC, ICDS, Vimukthi, District & Block panchayath shares were not porduced for verification So the accuracy details as per the AFS cannot be verified.

7.The details of KURDFC loan as per the B5-schedule is not produced for verification.

8.The Liability booked in B-9 schedule for pension Contribution payable, KSFE recovery payable are Rs. 55875/-and Rs. 13000/- respectively. But the actual amount paid as per the payment vouchers of 04/19 are Rs. 53401/- and Rs. 7000/- respectively.

9.The attested details in respect of the advance tax/non tax revenues are not produced for verification.

10.The Receipt of Profession tax employees in the AFS does not agree with the Register. As per the AFS the receipt is 99950/- and in the Register it is 1079500/-.

11.The interest from the liability amounts like KURDFC loan is booked in the own fund interest head is RP-9 schedule.

12.As per the pass Book of Avaneeswaram SCB, the Closing balance on 31.3.2019 is Rs. 4698919/-. But the reconciliation, the CB taken into current is Rs. 5021275/-.

13.The amount spent for the material work/the creation of assets from the MGNREG fund is not exempted from the Expenditure booked in the I & E statement.

14.The reconciliation statement in respect of STSB account was not produced for verification.

## 1-12 ലൈഫ് മിഷൻ പദ്ധതി അവലോകനം

സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തിയാക്കുന്നതിന് ഉതകുന്ന ധനസഹായം ഉറപ്പാക്കുകയും നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിന് സഹായം ലഭ്യമാക്കുകയും ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ അടിസ്ഥാനമാക്കിയുള്ള സമഗ്ര പുനരധിവാസ പദ്ധതിയും സ്വന്തം ജീവനോപാധി

കണ്ടെത്താനുള്ള കൈത്താങ്ങും ലക്ഷ്യമിട്ട് ബഹു കേരള സർക്കാർ രൂപം നൽകിയ ലൈഫ് മിഷൻ പദ്ധതിയിൽ മുൻകാലങ്ങളിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചതിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക , സ്വന്തമായ ഭൂമിയുള്ള ഭവന രഹിതരായവർക്ക് ധനസഹായം നൽകുക എന്നീ ഇനങ്ങൾക്കാണ് ലൈഫിൽ ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷത്തിൽ ധനസഹായങ്ങൾ നൽകിയിട്ടുള്ളത്.

2018-2019 വർഷം ആരംഭിച്ച ലൈഫ് ഭവന പദ്ധതിയിൽ ആകെ 254 ഗുണഭോക്താക്കളെ (ജനറൽ-232, എസ്.സി-22) തെരഞ്ഞെടുത്തിട്ടുണ്ട്. അവരിൽ യോഗ്യരായവർ 158 പേർ മാത്രമാണ് (ജനറൽ-148, എസ്.സി-210). തൻവർഷം 1,81,80,000/- രൂപ (ജനറൽ) KURDFC ലോണായി ചെലവഴിച്ചിട്ടുണ്ട്. 150 ഗുണഭോക്താക്കൾ (144-ജനറൽ , 6- എസ്.സി) കരാർ ചമച്ചതിൽ 68 പേർ (62 ജനറൽ , 06- എസ്.സി) പണി പൂർത്തീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഐറ്റം | ജനറൽ (എണ്ണം) | എസ്.സി (എണ്ണം) |
|---|---|---|---|
| 1 | ആകെ ഗുണഭോക്താക്കൾ | 232 | 22 |
| 2 | അർഹതയുള്ള ഗുണഭോക്താക്കൾ | 148 | 10 |
| 3 | കരാർ ചമച്ചത് | 144 | 6 |
| 4 | കരാർ വെച്ചിട്ടു പണി ആരംഭിക്കാവാത്തവർ | 2 | 0 |
| 5 | തുക തിരിച്ചു അടച്ചവർ | 0 | 0 |
| 6 | അടിസ്ഥാനം മാത്രം ചെയ്തവർ | 25 | 2 |
| 7 | ഭിത്തി മട്ടം മാത്രം ചെയ്തവർ | 55 | 3 |
| 8 | മേൽക്കൂര മാത്രം ചെയ്തവർ | 56 | 0 |
| 9 | ആകെ അടങ്കൽ തുക | 85600000/-രൂപ | 4400000/-രൂപ |
| 10 | ആകെ ചെലവായ തുക | 27380000/- രൂപ | 124000/-രൂപ |
| 11 | വികസന ഫണ്ട് | 6725000/-രൂപ | 1669400/-രൂപ |
| 12 | വികസന ഫണ്ട് ചെലവ് | 6720000/-രൂപ | 1240000/-രൂപ |
| 13 | തനതു ഫണ്ട് | 126269/-രൂപ | 0 |
| 14 | തനതു ഫണ്ട് ചെലവ് | 0 | 0 |
| 15 | ഹഡ്കോ ലോൺ (പ്രതീക്ഷിച്ചത്) | 73795083/-രൂപ | 2160230/-രൂപ |
| 16 | ഹഡ്കോ വരവ് ലോൺ ചെലവ് | 18180000/-രൂപ | 0 |
| 17 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2345696/-രൂപ | 351563/-രൂപ |
| | | | |

| | | | |
|---|---|---|---|
| 18 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് | 0 | 0 |
| 19 | ജില്ലാ പഞ്ചായത്ത് വിഹിതം | 2607952/-രൂപ | 218807/-രൂപ |
| 20 | ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് | 2480000/-രൂപ | 0 |

ആദ്യ ഗഡു മാത്രം കൈപ്പറ്റിയ വ്യക്തികളുടെ പേരും, വിവരങ്ങളും താഴെ പറയുന്നു.

| ക്രമ നം | വ്യക്തികളുടെ പേരും, മേൽവിലാസവും | നൽകിയ തുക ₹ | പ്രവർത്തിയടെ സ്റ്റേജ് | റിമാർക്സ് |
|---|---|---|---|---|
| 1 | അശ്വതി.എ.എം,അതുൽ ഭവൻ | 40000/- | പ്രവൃത്തി ആരംഭിച്ചില്ല. | |
| 2 | രാജലക്ഷ്മി,പുത്തേത്ത് വീട് | 40000/- | പ്രവൃത്തി ആരംഭിച്ചില്ല | |

മേൽ ചേർത്ത ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ കരാർ അനുസരിച്ച് നൽകിയ 80,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-13 സർക്കാർ നിർദ്ദേശമോ കമ്മിറ്റി തീരുമാനമോ കൂടാതെ താൽക്കാലിക നിയമനം- 26975/-രൂപ നിരാകരിക്കുന്നു

വിളക്കുടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തതിന് ശ്രീമതി.റമ്ല റഹിം എന്നയാൾക്ക് താഴെ പറയുന്ന

വൗച്ചറുകൾ പ്രകാരം 26975/-രൂപ വേതനം നൽകിയിട്ടുണ്ട്. ടിയാരിയെ ദിവസ വേതനത്തിൽ നിയമിച്ചതിനുള്ള കാരണം വ്യക്തമല്ല. ആയത് സംബന്ധിച്ച കമ്മിറ്റി തീരുമാനം, നിയമന ഉത്തരവ് , ഫയൽ എന്നിവ ആവശ്യപ്പെട്ട് 05.10.19-ന് നൽകിയ ഓഡിറ്റ് എൻക്വയറി -14ന് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ഏതെങ്കിലും പ്രത്യേക ജോലിക്കായി നിയമിച്ചതാണെങ്കിൽ ആയതിന് അനുവാദം നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവും ഹാജരാക്കിയിട്ടില്ല. വേതനം നൽകിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം: | വൗച്ചർനം: | തീയതി | തുക | ജോലി ചെയ്ത ദിവസങ്ങൾ | നിരക്ക് |
|---|---|---|---|---|---|
| 1 | 21800014 | 03-04-18 | 17550 | 26 | 675/ദിവസം |
| 2 | 51800488 | 20-08-18 | 9425 | 13 | 725/ദിവസം |
| | | ആകെ | 26975 | | |

വ്യക്തമായ ആവശ്യകതയോ, സർക്കാർ നിർദ്ദേശമോ കൂടാതെയും നടപടിക്രമങ്ങൾ പാലിക്കാതെയുമുള്ള താൽക്കാലിക നിയമനം ഓഡിറ്റ് അംഗീകരിക്കുന്നില്ല. സർക്കാർ ഉത്തരവ് (അച്ചടി) നം.81/19, ധന, തീയതി - 9.7.19 പ്രകാരം കരാർ നിയമനങ്ങൾ, സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നടത്താൻ പാടുള്ളൂ. താൽക്കാലിക നിയമനം മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം സെക്രട്ടറി ശ്രീ.റ്റി.എൻ.ഭദ്രനിൽ നിന്നും ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരം നിയമനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 1-14 എസ്.സി. കുട്ടികൾക്ക് സൈക്കിൾ വിതരണം- വിതരണ

## രേഖകളില്ല

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി. കുട്ടികൾക്ക് സൈക്കിൾ വിതരണം ( നം. 239/19) എന്ന പദ്ധതിയിൽ 3,25 ,125 / -രൂപ (സൈക്കിൾ ഒന്നിന് 3825/-രൂപ) ചെലവഴിച്ച് ആൺകുട്ടികൾക്കുള്ള 48 സൈക്കിളുകളും പെൺകുട്ടികൾക്കുള്ള 37 സൈക്കിളുകളും വാങ്ങിയിട്ടുണ്ട്. [ബിൽനം: 4/18-19 തീയതി 29-8 - 18 , 252280 /- രൂപ, ബിൽനം 5/18-19 തീയതി 30-8-18, 72845/- രൂപ ] . സൈക്കിളുകളും വിതരണ രേഖകൾ പരിശോധിച്ചതിൽ ആൺകുട്ടികളുടെ 45 ഉം പെൺകുട്ടികളുടെ 35 ഉം സൈക്കിളുകൾ വിതരണം നടത്തിയതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | വിതരണം നടത്തിയ ആൺകുട്ടികൾക്കുള്ള സൈക്കിളുകളുടെ എണ്ണം | വിതരണം നടത്തിയ പെൺകുട്ടികൾക്കുള്ള സൈക്കിളുകളുടെ എണ്ണം |
|---|---|---|---|
| 1 | വി.എൻ.എച്ച്.എസ്,എസ്,പുനലൂർ | 4 | 2 |
| 2 | എച്ച്.എസ്,ചെമ്മന്തൂർ | 2 | 2 |
| 3 | എംഎംഎച്ച്.എസ്,,വിളക്കുടി | 15 | 20 |
| 4 | ഡി.കെ.എച്ച്.എസ്,കോട്ടവട്ടം | 0 | 1 |
| 5 | എ.പി.പി.വി.എച്ച്.എസ്,എസ്,ആവണീശ്വരം | 20 | 9 |
| 6 | എം.എ.എം.എച്ച്.എസ്,ചെങ്ങമനാട് | 2 | 0 |
| 7 | ടി.എച്ച്.എസ്,,എഴുകോൺ | 1 | 0 |
| 8 | എം.ടി..എച്ച്.എസ്, പത്തനാപുരം | 1 | 0 |
| 9 | സെന്റ് ഗൊരറ്റി എച്ച്.എസ്,പുനലൂർ | 0 | 1 |
| | ആകെ | 45 | 35 |

വിതരണം നടത്താതെ ശേഷിക്കുന്ന 5 സൈക്കിളുകളുടെ [ആൺ - 3, പെൺ - 2 ] വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 05.10.19-ന് നൽകിയ ഓഡിറ്റ് എൻക്വയറി – 18ന് മറുപടി നൽകിയില്ല. ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ആൺകുട്ടികൾക്കുള്ള 3 ഉം പെൺകുട്ടികൾക്കുള്ള 1 ഉം സൈക്കിളുകൾ പഞ്ചായത്ത് ഓഫിസിൽ സൂക്ഷിച്ചിട്ടുള്ളതായി ബോധ്യമായി. പെൺകുട്ടികൾക്കുള്ള ഒരു സൈക്കിളിന്റെ വിതരണരേഖകൾ ലഭ്യമല്ല. വിതരണം നടത്താതെ ശേഷിക്കുന്ന 4 സൈക്കിളുകൾ വിതരണം നടത്തി റിപ്പോർട്ട് ചെയ്യുന്നത് വരെ ആയതിന്റെ വിലയായ 15,300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണം വിവരം ലഭ്യമല്ലാത്ത 1 സൈക്കിളിന്റെ വിലയായ 3,825/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ അസി.സെക്രട്ടറി ശ്രീ.വിനോദ്കുമാറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-15 മരാമത്ത് പ്രവൃത്തി :ചെയ്യാത്ത പ്രവൃത്തി ഇനങ്ങൾക്ക് തുക അനുവദിച്ചു നൽകി : 1,84,760/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

1. പ്രവൃത്തിയുടെ പേര്: കമ്മ്യൂണിറ്റി ഹാൾ - മീനാക്കോട് കോളനി ഓട- സ്റ്റെപ്പ് നിർമ്മാണം , വാർഡ് – 16

പ്രോജക്ട് S O 190 / 19.

അടങ്കൽ തുക: 500000 ( എസ്.സി.പി ഫണ്ട് 200000/-രൂപ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് 300000/-രൂപ)

കരാറുകാരൻ: ശ്രീ. ഷിഹാബുദ്ദീൻ ,ഷംനാ മൽസിൽ , കുന്നിക്കോട് .

പദ്ധതി നിർമാണാധികാരി : അസി: എഞ്ചിനീയർ.

കരാർ നം . 20/AE/LS G D / vp / 17-18 തീയതി 26-12-17

എം.ബുക്ക് നം. 11 9/ 17-18

ആകെ പ്രവൃത്തി മൂല്യം : 499427.27

കുറയ്ക്കുക:

ടെണ്ടർ കുറവ് 0.1% - 499.42

_ ---------------

498927.85

കരാറുകാരന് ബിൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ :

ബിൽ നം: 372/ 31. 3.18 200000/-രൂപ

കുറയ്ക്കുക IT 1% 2000

KCWWF. 1% 2000

--------------

196000/-

ബിൽ നം 29 / 8.6.18. 298928.

കുറയ്ക്കുക IT 1% 2989

KCWWF 1% 2989

-----------------

292950/-രൂപ

(എ). പ്രവൃത്തിയുടെ നടത്തിപ്പു വേളയിൽ , 16.2.18 ലെ പഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ 1 (6 ) നമ്പർ തീരുമാനപ്രകാരം , അടങ്കൽ തുകയിൽ മാറ്റം വരാത്ത വിധം ,മേൽ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചു നൽകിയിരുന്നു. ആദ്യ എസ്റ്റിമേറ്റിൽ ഇനം 12 ആയി നിശ്ചയിച്ചിരുന്ന 5.9.2. ഇനമായ"providing and laying in position specified grade of reinforced CC , excluding the cost of cetering,Shuttering, finishing and reinforcement, all work up to plinth level 1:1:5:3 എന്നത് 4.5എം$^{3}$' പുതുക്കിയ എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കിയിരുന്നു.എന്നാൽ 13ാം ഇനമായി 164.79 കി.ഗ്രാം സ്റ്റീൽ ബാർ (ഇനം 5:22:6) പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും ,ആയതിന്റെ പ്രവൃത്തി മൂല്യമായി എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന 14173.58 /- രൂപ (86.01/ കി: ഗ്രാം) അവസാന ബില്ലിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു. RCC പ്രവൃത്തി ഒഴിവാക്കായിട്ടും, സ്റ്റീൽ

ബാറിന്റെ വിനിയോഗം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 25.9.19 ന് നൽകിയ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശ സാഹചര്യത്തിൽ ,14173/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

(ബി). പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റി മേറ്റിന്റെ ഇനം 3 ആയ 4.1.18 providing and laying in position C C of specified grade excluding the cost of centering 1.4.8 പ്രവൃത്തി Step Portion Base ചെയ്യതിന് 28x2.50x0.10 = 7 എം$^3$ എം ബുക്കിൽ പുറം 5 ൽ അളവ് രേഖപ്പെടുത്തുകയും ആയതിന്റെ മൂല്യമായി 6805 / എം$^3$ നിരക്കിൽ 47635/- രൂപ അവസാനബിൽ തുകയിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു.

എന്നാൽ 3.10.19 ന് പഞ്ചായത്ത് ഓവർസീയർ ശ്രീമതി. എസ്. സോണിമോളുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ, സ്റ്റെപ്പുകൾ ഒന്നിനോടൊന്ന് ബന്ധം വിട്ട് വിള്ളലുകളോട്ടു കൂടി കാണപ്പെട്ടു. ഇത്തരം വിള്ളലുകളിൽ ഇഴ ജന്തുക്കളുടെ സാന്നിദ്ധ്യം ഉള്ളതായും ആയത് ജീവനു തന്നെ ഭീക്ഷണിയാകുന്നതായും പ്രദേശ വാസികൾ അറിയിക്കുകയുമുണ്ടായി. കൂടാതെ, പ്രദേശവാസികളിലൊരാൾ ' വെട്ടുകത്തി ' പടികൾക്കിടയിലെ വിള്ളലുകളിൽ 25cm ൽ അധികം ആഴത്തിൽ കുത്തി ഇറക്കുകയും നിർമ്മിതി യിലെ അശാസ്ത്രീയത ചൂണ്ടിക്കാണിക്കുകയും ചെയ്തു. മേൽ വസ്തുതകൾ സ്ഥലപരിശോധനാ റിപ്പോർട്ടിൽ , പഞ്ചായത്ത് ഓവർസീയർ ശ്രീമതി .എസ്.സോണി മോൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കുത്തനെ ചരിവുള്ള പ്രദേശത്താണ് സ്റ്റെപ്പുകൾ തീർക്കുന്നത് എന്ന ഭൗതിക സാഹചര്യം ഉണ്ടായിട്ടുകൂടി, 28 മീറ്റർ നീളത്തിലുള്ള 'Bed concrete ' ഒഴിവാക്കി വെറും നിലത്ത് കോൺക്രീറ്റ് സ്റ്റെപ്പുകൾ തീർത്തതും ചെയ്യാത്ത Bed Concrete ന് 47635/- വില ചേർത്ത് കരാറുകാരന് നൽകിയതും പ്രവൃത്തി യുടെ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതര കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. അശാസ്ത്രീയ നിർമ്മാണം മൂലം സ്റ്റെപ്പുകൾ ആകെത്തന്നെ നാശോന്മുഖമായ അവസ്ഥയിലാണ്. മേൽ ഓഡിറ്റ് നിരീക്ഷണത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 04.10.19 ന് നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശ സാഹചര്യത്തിൽ ,47635/- രൂപായുടെ ചെലവ് അംഗീകരിക്കുന്നില്ല.

2. കുന്നിക്കോട് മാർക്കറ്റിൽ വനിതകൾക്ക് വിശ്രമകേന്ദ്രം (പുനരുദ്ധാരണം)
പ്രോജക്റ്റ് 273 / 19.
അടങ്കൽ തുക: 300000/- (വികസന ഫണ്ട് )
കരാറുകാരൻ: ശ്രീ.നിതിൻ മേനോൻ .
പദ്ധതി നിർമാണാധികാരി : അസി: എഞ്ചിനീയർ.
കരാർ നം . 45/AE/LS G D / vp / 18-19 തീയതി 29-10-18.
ആകെ പ്രവൃത്തി മൂല്യം :267885/-രൂപ
കരാറുകാരന് ബിൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ :

ബിൽ നം: 348/16. 3.19 :267885/-രൂപ

കുറയ്ക്കുക IT 1% 2679/-രൂപ

KCWWF. 1% 2679/-രൂപ

GST 2% 5358/-രൂപ

കരാറുകാരന് നൽകിയ തുക:257169/-രൂപ

മേൽ പ്രവൃത്തിയുടെ എം ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എം.ബുക്ക് ആവശ്യപ്പെട്ടുകൊണ്ടു 03.10.19 ന് നൽകിയ ഓഡിറ്റ് റിക്വിസിഷന് പദ്ധതി നിർമാണാധികാരി മറുപടിയും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ അവസാന ബിൽ പരിശോധിച്ചതിൽ, പതിനാലാം ഇനമായി steelwork welded in built up /framed work including cutting, hoisting, fixing in position and applying a priming coat of primer using structural steel etc as required in gratings, frames, guardbar, ladder, railing, gates etc.... എന്ന ഇനം പ്രവർത്തി 966.3 കി.ഗ്രാം നടത്തിയതിന് 127.24/-രൂപ നിരക്കിൽ 122952/-രൂപ ഉൾപ്പെടുത്തി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ 03-10-19 ന് ,പഞ്ചായത്തിന്റെ II$^{nd}$ ഗ്രേഡ് ഓവർസീയർ ശ്രീമതി എസ്. സോണിമോളുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ, വനിതകളുടെ വിശ്രമകേന്ദ്രം ആയി പണിത കെട്ടിടത്തിൽ ( എക്സൈസ് ഓഫീസായി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വലതുവശത്തായും, മാർക്കറ്റിന് അഭിമുഖമായും നിൽക്കുന്ന കെട്ടിടം. പ്രസ്തുത കെട്ടിടത്തെ തിരിച്ചറിയാൻ കഴിയുന്നവിധത്തിലുള്ള ബോർഡോ മറ്റ് അടയാളങ്ങളോ ഇല്ല.) മേൽ പരാമർശിച്ച പ്രവർത്തി നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. (പ്രാദേശിക പരിശോധനാ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു). മേൽ ഓഡിറ്റ് നിരീക്ഷണത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 04.10.19 ന് നൽകിയ 4ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശ സാഹചര്യത്തിൽ ,122952/- രൂപായുടെ ചെലവ് അംഗീകരിക്കുന്നില്ല.

മേൽ ക്രമനമ്പർ 1, 2 ഖണ്ഡികകളിലായി നിരാകരിക്കപ്പെട്ട ആകെ തുക 184760 /- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-16 പട്ടികജാതി കുട്ടികൾക്ക് ഫർണിച്ചർ :- കരാറുകാരന് കരാർ തുകയിലും അധികമായി തുക നൽകി . 300,69/- രൂപായുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്ട് : S . O .189 / 18-19

നിർവ്വഹണാധികാരി : അസി: സെക്രട്ടറി .

കരാറുകാരൻ : തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്ക്സ് , പത്തനംതിട്ട .

അടങ്കൽ തുക . 625000/- വികസന ഫണ്ട് ( SCP )

കരാർ നം: ഇല്ല/ തീയതി: 3. 1.18

പദ്ധതി ചെലവ്: 197119/- രൂ.

ബിൽ 1/18-19 തീയതി: 29.5.18.

പഞ്ചായത്ത് അതിർത്തിയിൽ ഉൾപ്പെടുന്ന പട്ടികജാതി കുടുംബാംഗങ്ങളായ സ്കൂൾ കുട്ടികളുടെ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി പഠന മേശയും കസേരയും വാങ്ങി നൽകുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. 125 എണ്ണം മേശയും കസേരയും സപ്ലൈ ചെയ്യുന്നതിനായി ക്ഷണിച്ച ETender- ൽ തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്ക്സ്, പത്തനംതിട്ട എന്ന സ്ഥാപനം ഒരു സ്റ്റീൽ ടേബിളും സ്റ്റീൽ കസേരയുമടങ്ങുന്ന ഒരു യൂണിറ്റിന് എല്ലാ നികുതികളും ഉൾപ്പെടെ ഏറ്റവും കുറഞ്ഞ നിരക്കായ 3341 / - രൂപ രേഖപ്പെടുത്തി കരാർ നേടി. (BID ID 4339500 Dtd: 3.1.18) എന്നാൽ, കരാർ പ്രകാരം വിതരണം നടത്തിയ 50 യൂണിറ്റുകളുടെ വിലയായി 3341/- രൂപയോടൊപ്പം 18% ജി.എസ്.ടി കൂട്ടിച്ചേർത്ത് 197119/- രൂപയുടെ ബിൽ സമർപ്പിക്കുകയും പ്രസ്തുത തുക അനുവദിച്ച് നൽകുകയും ചെയ്തു. കരാർ പ്രകാരം അനുവദിക്കേണ്ടിയിരുന്ന 167050 /- രൂപയ്ക്ക് അധികമായി കരാറുകാരന് അനുവദിച്ചു നൽകിയ 30069/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. 30069 / - രൂപ പദ്ധതി നിർവഹണം നടത്തിയ അസിസ്റ്റൻറ് സെക്രട്ടറി യിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 4.10.19 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 ആശ്രയ : ഭക്ഷ്യ ധാന്യ വിതരണം – പദ്ധതി നടത്തിപ്പിൽ വരുത്തിയതായി രേഖയില്ല - 500000 / - രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

നിർവഹണ അധികാരി :അസി. സെക്രട്ടറി.

നിർവഹണ രീതി : നേരിട്ടുള്ള നിർവഹണം .

അടങ്കൽ തുക :500000 (വികസന ഫണ്ട് - പൊതു വിഭാഗം.)

ചെലവ് – 5,00,000/-, ബിൽ നം. 09/16.01.2019.

ആശ്രയ പദ്ധതിയുടെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ ജീവിത സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യധാന്യ വിതരണം നടത്തുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. പദ്ധതി നിർവഹണ അധികാരി നേരിട്ട് പദ്ധതി നിർവഹണം നടത്താനായിരുന്നു അംഗീകൃത പദ്ധതി നിർദ്ദേശം. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, പദ്ധതി അടങ്കൽ 500000 /- രൂപ നിർവഹണാധികാരി പിൻവലിച്ച് " കമ്മ്യൂണിറ്റി ഡെവലപ്മെൻറ് സൊസൈറ്റി കുടുംബ ശ്രീ " എന്നപേരിൽ SBI കുന്നിക്കോട് ശാഖയിൽ ഉള്ള 31225043267 നമ്പർ അക്കൗണ്ടിൽ ഒടുക്കു വരുത്തിയതായി കാണുന്നു. ഈ അക്കൗണ്ടിന്റെ പാസ് ബുക്ക് പരിശോധിച്ചതിൽ മേൽ തുക 18- 19 വർഷത്തിൽ ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല. സർക്കാർ ഉത്തരവ് (പി ) 11 9/2015 ധനം, തീയതി 21-3-15 ൽ ഭാവിയിൽ ചെലവ് വന്നേക്കാം എന്ന നിഗമനത്തിൽ മുൻ കൂർ പണം

പിൻവലിക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി പണം പിൻവലിച്ച് കുടുംബശ്രീ അക്കൗണ്ടിൽ നിക്ഷേപിക്കാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. 500000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം.12/05.10.19

## 1-18 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയെങ്കിലും പണി പൂർത്തീയായില്ല

പ്രോജക്ട് നമ്പർ 225/19

പ്രോജക്ട് വിളക്കുടി ഗ്രാമപഞ്ചായത്തിലെ ശ്മശാന നിർമ്മാണം

വിളക്കുടി ഗ്രാമപഞ്ചായത്തിലെ ശ്മശാന നിർമ്മാണത്തിനായി കരാർ വച്ച സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡിന് (സിൽക്ക്) 1638200/- രൂപാ ചെക്ക് നമ്പർ 2560127/29-3-2019 (തനതുഫണ്ട്) പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിരിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനിയറുടെ 121/AE/LSGD/VP/18-19, 20.3.19 പ്രകാരം ആണ് തുക നൽകിയിരിക്കുന്നത്. എന്നാൽ അംഗീകൃത പദ്ധതിയിൽ തനത് ഫണ്ടിൽ നിന്നും വകയിരുത്തൽ ഇല്ല. ആയതുകൊണ്ടു തന്നെ പ്രസ്തുത ചെലവ് പഞ്ചായത്തിന്റെ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസിഷൻ, അലോട്ട്മെന്റ് എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. പ്രസ്തുത പ്രവർത്തിയുടെ വർക്ക് ഓർഡർ പ്രകാരം 5-3-2019 സ്ഥലം കൈമാറിയ ടി പ്രവൃത്തി മൂന്നു മാസത്തിനകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 5-10-2019 തീയതിയിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ പ്രവൃത്തി പ്രാരംഭഘട്ടത്തിലാണെന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഈയിനത്തിൽ ചെലവായ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. -11/ 04.10.19

## 1-19 കറവ പശു വളർത്തൽ പദ്ധതിയിലെ അപാകതകൾ

1) കറവ പശു വളർത്തൽ വനിത (130/19)

അടങ്കൽ 2420000/-രൂപ

വികസനഫണ്ട് --1210000/-രൂപ

മറ്റുള്ളവ 1210000/-രൂപ

ചെലവ് – 1182500/-രൂപ

ബിൽ നം./തീയതി

6/18-19/25-1-2019 - 742500-(27)

7/18-19/21-3-2019 – 3,85,000(14)

13/18-19/21-3-19 – 27500(1)

14/18-19/21-3-19 (Q – bill) - 27500

വിളക്കുടി ഗ്രാമപഞ്ചായത്തിനെ പാലുൽപാദനത്തിൽ സ്വയം പര്യാപ്തമക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ടിൽ ഒരു പശുവിന്റെ വിലയായ 55000/- രൂപ ഗുണഭോക്താവ് ബാങ്ക് വായ്പയിൽ നിന്നും കണ്ടെത്തുന്നു. ആയതിൽ 27500/- രൂപാ സബ്സിഡി ആയി ബാങ്കിലേക്ക് നിർവഹണ ഉദ്യോഗസ്ഥൻ അടയ്ക്കുന്നു. പ്രസ്തുത പ്രോജക്ടിന്റെ നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താവിന് ബാങ്കിൽ നിന്നും ലോൺ അനുവദിക്കുകയും ആ തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ നിന്ന് ഏത് ഉടമയിൽ നിന്നാണോ കറവ പശുവിനെ വാങ്ങിയത് ആ വ്യക്തിയുടെ ബാങ്ക് അക്കൌണ്ടിലേക്ക് മാറ്റി നൽകിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതിന്റെ രേഖകളും ആയത് തിരിച്ചടച്ചതിന്റെ രേഖകളും ഹാജരാക്കിയതിൽ ആകെയുള്ള 43 ഗുണഭോക്താക്കളിൽ 22 പേർക്ക് മാത്രം ആണ് 55000/- രൂപാ ലോൺ അനുവദിച്ചത്. ബാക്കിയുള്ളവർക്ക് 50000/- രൂപ വീതം ആണ് ലോൺ ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ആ തുക കറവ പശുവിനെ വിറ്റ ആളിന്റെ അക്കൗണ്ടിൽ നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2) പ്രസ്തുത പ്രോജക്ടിൽ പൊതു വിഭാഗത്തിനു നൽകാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 50% (പരമാവധി 27500/-) ആണെന്നിരിക്കെ (ജി.ഒ (എം.എസ്.) 22/2018/തസ്വഭവ, തീ.14-2-2018) ഇൻഷ്വറൻസ് രേഖകൾ പ്രകാരവും ബാങ്ക് വായ്പാ പ്രകാരവും 50000/- രൂപ വിലയുള്ള പശുവിന് 25000/- രൂപയ്ക്ക് പകരം 27500/- രൂപാ നൽകിയതു മൂലം 18 ഗുണഭോക്താക്കൾക്ക് 45,000 (2500 x 18) രൂപ അധികം നൽകിയിരിക്കുന്നു. ആയതിന് കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 45000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട വ്യകതികളിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. അല്ലെങ്കിൽ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

വ്യക്തിഗത ആനുകൂല്യം നൽകാനായി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ടിൽ നാലു ഗ്രൂപ്പുകൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. ടി ഗ്രൂപ്പുകളിലെ ആളുകളുടെ എണ്ണത്തിന് ആനുപാതികമായി ലോൺ തുക ഗ്രൂപ്പ് അക്കൗണ്ടിലേക്ക് ഒരുമിച്ച് നൽകിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. ആയതിന് കാരണം വിശദമാക്കിയിട്ടില്ല. പ്രസ്തുത ഗ്രൂപ്പ് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തണൽ , കീർത്തന, നന്മ, അർച്ചന എന്നീ നാലു ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് നൽകിയ സബ്സിഡി തുക 467500/-

(17 x 27500/-) രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. -5/4.10.19

നിരാകരിച്ച തുക – 45,000/-രൂപ

തടസ്സപ്പെടുത്തിയ തുക -4,67,500/-രൂപ

## 1-20 പ്രൊജക്ടർ വാങ്ങൽ-സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയിൽ നിന്നും അധികമായി ചെലവഴിച്ചു

പൊതുവിദ്യാഭ്യാസ/എച്ച്.എസ്സ്.എസ്സ്/വി.എച്ച്.എസ്സ്.ഇ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ/എം.പി/എം.എൽ.എ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ പൊതുവിദ്യഭ്യാസ വകുപ്പിന്റെ 06-01-18 ലെ സ.ഉ(സാ.ധ)നം-97/18 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നിരക്കിലായിരിക്കണം വാങ്ങേണ്ടത്.എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി വാങ്ങൽ നടത്തിയിരിക്കുന്നു.

പ്രോജക്ട് നം-142/18-19- ‘ സ്കൂളുകൾ, അങ്കണവാടി എന്നിവയ്ക്ക് പ്രൊജക്ടർ ’ എന്ന പദ്ധതി പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഫണ്ടിൽ നിന്നും 200000/-രൂപ വകയിരുത്തിയിരുന്നതിൽ 195200/-രൂപ ചെലവഴിച്ച് 4 പ്രൊജക്ടറുകൾ ,നികുതികൾ ഉൾപ്പെടെ 48800/- രൂപ നിരക്കിൽ ടെണ്ടർ നടപടികൾ മുഖേന കെ.എം.ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം നടത്തിയിരിക്കുന്നു. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം നികുതികൾ ഉൾപ്പെടെ പ്രോജക്ടറിനായി ചെലവഴിക്കാവുന്ന പരമാവധി തുക 23860/-രൂപയാണ്. ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന മിനിമം സ്പെസിഫിക്കേഷൻ അഞ്ച് വർഷ വാരണ്ടി കാലയളവ് ആണ്. എന്നാൽ വാങ്ങിയിരിക്കുന്ന പ്രൊജക്ടറുകൾക്ക് രണ്ട് വർഷ വാറണ്ടി കാലയളവ് ആണ് ഉള്ളത്. സർക്കാർ നിർദ്ദേശത്തിനനുസൃതമായി വാങ്ങിയിരുന്നുവെങ്കിൽ ചെലവാകുമായിരുന്ന തുക 95440/-രൂപ (23860 x 4) ആണ്. ആയതിൽ നിന്നും അധികമായി ചെലവഴിച്ച 99760/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നം-32/118-19/21.12.18

എൻക്വയറി നം. – 02/01.10.2019

## 1-21 തൻവർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് ആനുകൂല്യം നൽകി-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (പ്രോജക്ട് നം.14/19) എന്ന പദ്ധതി പ്രകാരം 14 ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം നടത്തിയതിലെ 12 ഗുണഭോക്താക്കൾ

തൻവർഷത്തെ ആനുകൂല്യവിതരണത്തിനായി ഗ്രാമസഭ അംഗീകരിച്ച അംഗീകൃത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടവരല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വികസനഫണ്ടിൽ നിന്നും 405000/-രൂപയും തനത് ഫണ്ടിൽ നിന്നും 9400/-രൂപയും ഉൾപ്പെടെ ആകെ 414000/-രൂപ ചെലവഴിച്ച് കുന്നിക്കോട് ഷാൻ ഷാനി കമ്പ്യൂട്ടേഴ്സ് ആന്റ് ഹാർഡ് വെയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പ്ടോപ്പുകൾ ടെണ്ടർ മുഖേന വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ആകെ 14 ഗുണഭോക്താക്കളിൽ രണ്ട് പേർ മാത്രമാണ് 18-19 സാമ്പത്തിക വർഷത്തിലേയ്ക്കക്ക് അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്.ബാക്കിയുള്ള 12 പേരിൽ 9 പേർ 2019-20 സാമ്പത്തികവർഷത്തിലെ അംഗീകൃത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്. ബാക്കിയുള്ള 3 പേർ ഗ്രാമസഭ അംഗീകരിച്ച ഒരു ഗുണഭോക്തൃപട്ടികയിലും ഉൾപ്പെട്ടവരല്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അഭിപ്രായം |
|---|---|---|
| 1 | സ്മിതാസത്യൻ, ഉഷാഭവൻ, കുന്നിക്കോട് | 2019-20 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടത് |
| 2 | രശ്മിരാംഗോപാൽ, സ്വരമന്ദിരം, കാര്യറ | |
| 3 | വർഷ.എസ്,മലമുകളിൽ വീട്, കാര്യറ | |
| 4 | രവീണ.ആർ.എസ്,സവിഭവനം,കാര്യറ | |
| 5 | രാജേന്ദ്രൻ.ആർ,രാജേന്ദ്രഭവൻ,കാര്യറ | |
| 6 | സൂര്യ.എം,സൂര്യഭവൻ,തേക്കുമുകൾ | |
| 7 | ദർശന,പാറവിള വീട് | |
| 8 | ദിവ്യരാജ്,വിജയഭവൻ,മലമുകൾ | |
| 9 | മനീഷ് ചന്ദ്രൻ,കറുകയിൽ താഴതിൽ,കിണറ്റിൻകര | |
| 10 | സുധീഷ്.എസ്, മോന്തൻകോട് പുത്തൻപുര, കിഴക്കതിൽ, ആവണീശ്വരം | ഒരു വർഷത്തെയും അംഗീകൃത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടവരല്ല. |
| 11 | അഭിഷേക്ചന്ദ്ര.എസ്,ചരുവിളപുത്തൻവീട്, കാര്യറ | |
| 12 | ശാലിനി സുന്ദരൻ,കാട്ടൂർവീട്, ഇളമ്പൽ | |

1.പതിമൂന്നാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം-സ.ഉ(കൈ)11/2018/ത.സ്വ.ഭ.വ/29-01-2018-ഖണ്ഡിക 11.3 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന ക്രമത്തിലല്ല ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിരിക്കുന്നത്. ആയത് പ്രകാരം പദ്ധതി ആനുകൂല്യത്തിനുള്ള അപേക്ഷ സ്വീകരിച്ച ശേഷം അർഹത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് അതാത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനം തയ്യാറാക്കണം.

2. അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം. ഒരേ മാർക്ക് വരുന്ന സാഹചര്യത്തിൽ അപേക്ഷകന്റെ വയസ്സിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകണം.

3. മുൻഗണന ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തണം.

4.പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം.

5.തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ (അനർഹർ ലിസ്റ്റിലുണ്ടെന്നോ അർഹർ ഒഴിവായിപ്പോയെന്നോ കരുതുന്നുവെങ്കിൽ) അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയശേഷം മുൻഗണനാക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരായവരെ ഒഴിവാക്കുകയോ അർഹരെ ഉൾപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. അനർഹരായവരെ ഒഴിവാക്കുന്നതിന് ഗ്രാമസഭയുടെ സാധൂകരണം മതിയാകും എന്നാൽ ഒഴിവായിപ്പോയ അർഹരെ കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെ ആയിരിക്കണം.

മേൽ നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് പദ്ധതി നടത്തിപ്പിനായി 18-19 സാമ്പത്തികവർഷത്തെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവരെ ആനുകൂല്യം നൽകുന്നതിനായി തെരെഞ്ഞെടുത്തിരിക്കുന്നത്. ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നവരിൽ ശ്രീമതി.സ്മിതസത്യൻ, ഉഷാഭവൻ, ശ്രീമതി.സൂര്യ, സൂര്യഭവനം, ശ്രീമതി.ദർശന, പാറവിളവീട് എന്നീ ഗുണഭോക്താക്കൾ 18-19 സാമ്പത്തികവർഷത്തിൽ ആനുകൂല്യത്തിന് അർഹതയുള്ള കോഴ്സുകളുടെ പഠിതാക്കളല്ല.

21-12-2018 ൽ തന്നെ ലാപ്പ്ടോപ്പുകൾ ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ വിതരണം നടത്തിയിരിക്കുന്നത് 2019-20 സാമ്പത്തികവർഷത്തേക്കുള്ള ഗുണഭോക്തൃപട്ടികയുടെ അടിസ്ഥാനത്തിലാണ്. ഗുണഭോക്താക്കളെ കണ്ടെത്താതെ ഉപകരണങ്ങൾ വാങ്ങി സൂക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത് ചെലവ് ഉണ്ടാകുന്നതിന് മുമ്പ് ചെലവ് മുൻകൂറായി നടത്തിയിരിക്കുന്നത് ധനവിനിയോഗ മാർഗ്ഗരേഖ-സ.ഉ(പി)177/2006/ ഫിൻ, 12-04-2006 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ഒരു ലാപ്പ്ടോപ്പിന് 29600/-രൂപ നിരക്കിലാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കേണ്ട മാർഗ്ഗരേഖയുടെ ലംഘനമായതിനാൽ 12 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 355200/-(29600X12) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നം-7/18-19/21-12-2018
എൻക്വയറി നം. -17/05.10.2019

## 1-22 കറവ പ്പശുവിന് കാലിത്തീറ്റ---അപാകതകൾ

പ്രോജക്റ്റ് നമ്പർ 81/19

പ്രേജക്റ്റ് – കറവ പ്പശുവിന് കാലിത്തീറ്റ

അടങ്കൽ 1080000/-രൂപ

ചെലവ് 238670/- (വികസനഫണ്ട് ജനറൽ)

ബിൽ നമ്പർ 3/18-19/12-12-2018, 86800/-രൂപ

11/18-19/21-3-2019 50670/-രൂപ

12/18-19/21-3-2019 101200/-രൂപ

ഗുണഭോക്തൃവിഹിതം

1239554/21-1-2019 –88850/-രൂപ

2926124/25-3-2019 -48620/-രൂപ

2926123/25-3-2019–101200/-രൂപ

പ്രസ്തുത പദ്ധതിയിലേക്ക് താഴെ പറയും പ്രകാരം ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുണ്ട്.

| മാസം | എണ്ണം | തുക | ആകെ |
|---|---|---|---|
| നവംബർ | 44 | 1125 | 49500 |
| ഡിസംബർ | 40 | 1125 | 45000 |
| ജനുവരി | 44 | 1125 | 49500 |
| ഫെബ്രുവരി | 44 | 1125 | 49500 |
| മാർച്ച് | 44 | 925 | 40700 |
| | | ആകെ | 234200 |

ആകെ ഈയിനത്തിൽ പിരിച്ചെടുത്തിരിക്കുന്നത് 234200/- രൂപയാണ്. എന്നാൽ ഈയിനത്തിൽ കേരളാ ഫീഡ്സിനു നൽകിയ ഗുണഭോക്തൃവിഹിതം 238670/- രൂപയാണ്. 4470/- അധികം നൽകിയിരിക്കുന്നത് ഏതു ഫണ്ടിൽ നിന്നാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

5) ആകെ 44 ഗുണഭോക്താക്കൾക്കായി തീറ്റ ലഭ്യമായതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | വന്ന പായ്ക്കറ്റ് | ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടത് | വിതരണം ചെയ്തത് | വ്യത്യാസം |
|---|---|---|---|---|
| നവംബർ | 80 | 88 | 80 | +8 |
| ഡിസംബർ | 90 | 88 | 90 | -2 |
| ജനുവരി | 88 | 88 | 88 | 0 |
| ഫെബ്രുവരി | 88 | 88 | 88 | 0 |
| മാർച്ച് | 88 | 88 | 88 | 0 |

ആറു പായ്ക്കറ്റ് കുറച്ചാണ് വിതരണം ചെയ്തിരിക്കുന്നത് . ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച് 477340/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. – 5/04.10.2019

## 1-23 തെരുവ് വിളക്ക് മെയിന്റനൻസ്-രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2018-19 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്ക് പരിപാലനത്തിനായി നടപ്പിലാക്കിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ -

1.പ്രോജക്ട് നം-71/2019-തെരുവ് വിളക്ക് നവീകരണത്തിന് ഉപകരണങ്ങൾ വാങ്ങലും വേതനം നൽകലും-

a) പദ്ധതിയിൽ തെരുവ് വിളക്ക് ഉപകരണങ്ങൾ LSGD(DA)/GO(Rt)No-2330/18/31-08-18 ഉത്തരവ് പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ UEI യെ ഒഴിവാക്കി ടെണ്ടർ നടപടികളിലൂടെ വാങ്ങൽ നടത്തിയിരിക്കുന്നു. ആയതിന്റെ കാരണം വ്യക്തമല്ല.

b) ടി പദ്ധതി തൻവർഷത്തെ പുതിയ പദ്ധതിയാണ്. ടി പദ്ധതി പ്രകാരം തെരുവ് വിളക്ക് ഉപകരണങ്ങൾ സ്ഥാപിച്ചതിന് വേതനം നൽകിയ ചെലവാണ് നടപ്പിലാക്കിയിരിക്കുന്നത്. തെരുവ് വിളക്ക് ഉപകരണങ്ങൾ മെയിന്റനൻസ് ചെയ്യുന്നതിന് കരാറുകാരനെ നിയമിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

c) മെയിന്റനൻസിനായി വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ (vol-2,പേജ് നം-140) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉപകരണങ്ങളുടെ വില, ഇൻവോയിസ് നം/തീയതി, ഉപകരണങ്ങൾ ആർക്ക് വിതരണം നടത്തി എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. 1488 എണ്ണം വിളക്കുകൾ മെയിന്റനൻസ് ചെയ്തതിന് 100/-രൂപ നിരക്കിൽ 148800/- രൂപയാണ് ചെലവഴിക്കേണ്ടത്. എന്നാൽ 160870/-രൂപ ചെലവഴിച്ചിരിക്കുന്നു. അധികമായി ചെലവഴിച്ചിരിക്കുന്ന തുക 12070/-രൂപ തൻവർഷത്തെ സ്പിൽ ഓവർ പദ്ധതിയായ 281/19-ന വേണ്ടിയാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മെയിന്റനൻസ് നടത്തിയിരിക്കുന്നതായി മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയ വൗച്ചറുകൾ 17-18 സാമ്പത്തിക വർഷത്തിലേതാണ്. മുൻവർഷത്തിലെ ചെലവുകൾ നടത്തുന്നതിനായി തൻവർഷം സ്പിൽ ഓവർ പദ്ധതിയുണ്ടെങ്കിലും ആയതിന്റെ ചെലവുകൾ അതിൽ തന്നെ ഉൾപ്പെടുത്തി നടപ്പിലാക്കാതെ തൻവർഷത്തെ പദ്ധതിയിൽ നിന്നും നടത്തിയിരിക്കുന്നു. സ്പിൽ ഓവർ പദ്ധതി പ്രകാരമുള്ള ചെലവിൽ അധികരിച്ച തുക തൻവർഷത്തെ പുതിയ പദ്ധതിയിൽ നിന്നും ചെലവഴിച്ചത് തെറ്റായ നടപടിയാണ്.

2.പ്രോജക്ട് നം-281/19(സ്പിൽ ഓവർ)-തെരുവ് വിളക്ക് അറ്റകുറ്റപണികൾ,വേതനം നൽകൽ എന്ന പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 254430/-രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.(ചെക്ക് നം-031480/14-03-19)പദ്ധതി രേഖകൾ പ്രകാരം ആകെ 2665 എണ്ണം തെരുവ് വിളക്ക് മെയിന്റനൻസിനുള്ള ചെലവാണ് നടത്തിയിരിക്കുന്നത്. ആയതിനായി 100/-രൂപ നിരക്കിൽ ആകെ ചെലവ് വന്ന 266500/-രൂപയിൽ വകയിരുത്തിയ 254430/-രൂപയിൽ അധികമായി ചെലവ് വന്ന 12070/-രൂപ Pr.No.71/19-ലെ അടങ്കൽ തുകയിൽ നിന്നും മുൻവർഷത്തെ ചെലവിൽ നിന്നും എത്ര തെരുവ് വിളക്കുകൾ മെയിന്റനൻസ് ചെയ്തതിനുള്ള ചെലവാണ് അവശേഷിച്ചിരുന്നതെന്ന് ഫയലിൽ വ്യക്തമല്ല. വിശദാംശങ്ങൾ വ്യക്തമായി ഉൾപ്പെടുത്താതെ പദ്ധതി രേഖകൾ സൂക്ഷിക്കുന്ന നടപടി ഒഴിവാക്കേണ്ടതാണ്.

3.പ്രോജക്ട് നം-40/19-എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ എന്ന പദ്ധതി പ്രകാരം 24 വാട്സിന്റെ 400 എൽ.ഇ.ഡി ലൈറ്റുകൾ കൊല്ലത്തുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലൈറ്റ് ഒന്നിന് 2600/-രൂപ നിരക്കിൽ 400 എണ്ണത്തിന് 104000/-രൂപയും ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബിയിൽ ഒടുക്ക് വരുത്തുന്നതിന് ഒരു ലൈറ്റിന് 50/- രൂപ നിരക്കിൽ 400 എണ്ണത്തിന് 20000/-രൂപയും കണക്കാക്കി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 1000000/-രൂപയും തനത് ഫണ്ടിൽ നിന്നും 60000/-രൂപയും ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി പ്രകാരം 1040256/-രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം -29/18-19/24-11-18). തനതുഫണ്ടിൽ നിന്നും 40256/-രൂപ നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാങ്ങിയ ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 1040256/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. – 17/05.10.2019

## 1-24 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽനികുതി ചട്ടം (കേരള പഞ്ചായത്ത് രാജ് ആക്ട് 3(2) മുതൽ (11) വരെ) പ്രകാരം ഗ്രാമപഞ്ചായത്തു പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്നും ഓരോ അർദ്ധവർഷവും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2018-19 സാമ്പത്തികവർഷം പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കുന്നിക്കോട് | I &II |
| 2 | ബി.എസ്.എൻ.എൽ, കുന്നിക്കോട് | I&II |

| | | |
|---|---|---|
| 3 | സപ്ലൈകോ, കുന്നിക്കോട് | I &II |
| 4 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | I &II |
| 5 | സപ്ലൈകോ ഡിപ്പോ | II |
| 6 | പോപ്പുലാർ മോട്ടോർ വേൾഡ് ലിമിറ്റഡ് | II |
| 7 | പോപ്പുലാർ ഹ്യുണ്ടായ് ഷോറൂം,പോപ്പുലാർ മോട്ടോർ വേൾഡ് ലിമിറ്റഡ് | II |

മേൽ സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. 06/04.10.19

## 1-25 റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയില്ല.

വിളക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.07.18 ലെ കമ്മിറ്റിയുടെ 10(1)-ാം നമ്പർ തീരുമാനപ്രകാരം റിലയൻസ് ജിയോ കേബിളുകൾ സ്ഥാപിക്കുന്നതിന് 0.15 കിലോ മീറ്റർ ദൂരത്തിൽ കുന്നിക്കോട് ചേത്തടി റോഡിൽ കുഴിയെടുക്കുന്നതിനുള്ള അനുമതി നൽകി. എന്നാൽ 2018-19 സാമ്പത്തിക വർഷം റിലയൻസിൽ നിന്നും റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ യാതൊരു തുകയും ഈടാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

റിലയൻസ് ജിയോ കേബിളുകൾ സ്ഥാപിക്കുന്നതിന് കുന്നിക്കോട് ചേത്തടി റോഡിൽ കുഴിയെടുക്കുന്നതിനുള്ള അനുമതി നൽകിയത് സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും പ്രസ്തുതയിനത്തിൽ റിലയൻസിൽ നിന്നും റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് അല്ലാത്തപക്ഷം തുക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം.08/04.10.19

## 1-26 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ ഫണ്ടിനം. | അടങ്കൽ തുക | ചെലവ്തുക (രൂപ) | കെ.എം.എസ്.സിയ്ക്ക് നൽകിയതുക, ബിൽനം, തീയതി | ലഭിക്കാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|
| 1. | സാന്ത്വനപരിചരണ പരിപാടി (നം.231/18-19) | 1,27,400 (വികസന ഫണ്ട്) | 91600 | 20,000/- 21/18-19/20.03.19 | 2,426 |
| 2 | പാലിയേറ്റീവ് കെയർ (നം.07/18-19) | 8,00,000 (വികസന ഫണ്ട്) | 8,00,000 | 120,968/- 13/18-19/28.11.18 | 1,271 |
| | | | | 3,60,000/- 12/18-19/28.11.18 | 1,13,750 |
| | | | | ആകെ | 117447 |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-27 എക്സൈസ് റേഞ്ച് ഓഫീസിന് വാടകയില്ലാതെ കെട്ടിടം നൽകി

വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കുന്നിക്കോട് മാർക്കറ്റിനുള്ളിലുള്ള കെട്ടിടത്തിലെ 19/685, 686, 687, 688, 689, 690 എന്നീ മുറികൾ പഞ്ചായത്ത് ഭരണസമിതി 09.05.18 ലെ 13(1) -ാം നമ്പർ തീരുമാനപ്രകാരം എക്സൈസ് വകുപ്പിന് സൗജന്യമായി വിട്ടുനൽകി. എന്നാൽ തുടക്കമെന്ന നിലയിൽ എത്രകാലത്തേക്കാണ് സൗജന്യം അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്തിന്റെ കെട്ടിടം എത്രകാലത്തേക്കാണ് സൗജന്യമായി എക്സൈസ് വകുപ്പിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും മേൽ കെട്ടിടത്തിന് പിന്നീടുള്ള കാലയളവിൽ വാടക നിശ്ചയിച്ച് എക്സൈസ് വകുപ്പുമായി കരാറിൽ ഏർപ്പെട്ട് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റന്വേഷണം നമ്പർ. 08/04.10.19

## 1-28 പണമാക്കിമാറ്റാത്ത 1,47,318/- രൂപയുടെ ചെക്കുകൾ അവശേഷിക്കുന്നു

1.വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ ആവണീശ്വരം സർവ്വീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ (നം.SB1/6840) റീകൺസിലിയേഷനിൽ Cheque deposited but not collected എന്ന ശീർഷകത്തിൽ 26.09.17 ൽ 97,775/- രൂപയും 347/- രൂപയും നിക്ഷേപിച്ചതായി കാണിച്ചിരിക്കുന്നു. മേൽ തുകകളുടെ ചെക്ക് നമ്പറോ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല മേൽ തുകകൾ 2017 സെപ്റ്റംബർ മാസത്തിലെ ഡേ ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല. ടി തുകകൾ രണ്ട് വർഷത്തിന് ശേഷവും നാളിതുവരെ പണമാക്കി മാറ്റി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

2.കൂടാതെ മേൽ അക്കൗണ്ടിന്റെ തന്നെ റീകൺസിലിയേഷനിൽ Cheque deposited but not collected എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന തുകകൾ നാളിതുവരെ പണമാക്കി മാറ്റി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 02791/09.06.17 | 2400 |
| 2 | 682240019/14.01.19 | 4800 |
| 3 | 691028801/14.01.19 | 4800 |
| 4 | 691028099/14.01.19 | 4800 |
| 5 | JK1932805/23.01.19 | 25000 |
| 6 | 934587/31.03.19 | 5088 |
| 7 | 934587/31.03.19 | 1154 |
| 8 | 934587/31.03.19 | 1154 |
| ആകെ | | 49196 |

മേൽ ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

റീകൺസിലിയേഷനിൽ Cheque deposited but not collected എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ടി തുകകൾ നാളിതുവരെ പണമാക്കി മാറ്റി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ടി തുകകൾ അടിയന്തിരമായി പണമാക്കി മാറ്റി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 07/04.10.19.

## 1-29 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലുണ്ടായ

## അപാകതകൾ

1) പ്രോജക്ട് നം-279/19-വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും 1247500/-രൂപയും തനത് ഫണ്ടിൽ നിന്നും 144500/- രൂപയും ഉൾപ്പെടുത്തി ആകെ 1392000/-രൂപ വകയിരുത്തിയിരുന്നതിൽ വികസനഫണ്ടിൽ നിന്നും 1125753/-രൂപ ചെലവഴിച്ച്(12/18-19/29-08-18) ആർട്ടിസാൻസ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും 320 എണ്ണം കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) <u>പ്രോജക്ട് നം-339/19,പ്രോജക്ട് നം-296/19- അങ്കണവാടി ജീവനക്കാർക്ക് അധിക പ്രതിഫലം</u>

മേൽ രണ്ട് പദ്ധതികളിലായി 744600/-രൂപ വീതം വികസനഫണ്ടിൽ (ജനറൽ) നിന്നും ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം-25/18-19/23-11-18,43/18-19/28-03-19). തുക നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള നടപടിക്രമം, തുക ഒടുക്കിയതിന്റെ ചെലാൻ വിശദാംശങ്ങൾ, ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി ഒടുക്കേണ്ട തുകയുടെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ രേഖാ മൂലം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3) <u>പ്രോജക്ട് നം-278/19-ഗ്രാമപഞ്ചായത്ത് ഓഫീസിൽ നെറ്റ് വർക്കിംഗ്</u>

വികസനഫണ്ടിൽ നിന്നും 300000/-രൂപയും തനത് ഫണ്ടിൽ നിന്നും 20000/-രൂപയും വകയിരുത്തിയ പദ്ധതിക്ക് വികസനഫണ്ടിൽ നിന്നും 256908/-രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം-37/18-19/21-03-19). ടി തുക കെൽട്രോണിന് നൽകിയിരിക്കുകയാണ്. LAN&UPS വയറിംങ്ങിനായി കെൽട്രോൺ നൽകിയ 291353/-രൂപയുടെ എസ്റ്റിമേറ്റിനനുസരിച്ച് വർക്ക് ഓഡർ നൽകുകയും 27/03/19-ൽ കെൽട്രോൺ 256908/- രൂപയുടെ ബിൽ നൽകുകയും ചെയ്തു. എന്നാൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം, പ്രവൃത്തിയുടെ പൂർത്തീകരണം എന്നീ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) <u>പ്രോജക്ട് നം-274/19,276/19-എ.എം.സി-കമ്പ്യൂട്ടർ &പ്രിന്റർ</u>

മേൽ പദ്ധതി പ്രകാരം യഥാക്രമം 39058/-രൂപയും (വൗച്ചർ നം-21801260/21-03-19),22892/-രൂപയും (വൗച്ചർ നം-21801261/21-03-19) തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കെൽട്രോണിനാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ് വെയർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏതൊക്കെ ഉപകരണങ്ങൾക്ക് തുക ഒടുക്ക് വരുത്തിയതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.17/05.10.2019) ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച പദ്ധതികൾക്കായി ചെലവഴിച്ച 21,89,211/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം-17/05-10-2019

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 കറവ പശു വളർത്തൽ -അധികം തുക നൽകി

1) കറവ പശു വളർത്തൽ വനിത (130/19)

അടങ്കൽ 2420000/-രൂപ

വികസനഫണ്ട് --1210000/- രൂപ

മറ്റുള്ളവ 1210000/- രൂപ

ചെലവ് – 1182500/- രൂപ

ബിൽ നം./തീയതി

6/18-19/25-1-2019 - 742500-(27)

7/18-19/21-3-2019 – 3,85,000(14)

13/18-19/21-3-19 – 27500(1)

14/18-19/21-3-19 - 27500

വിളക്കുടി ഗ്രാമപഞ്ചായത്തിനെ പാലുൽപാദനത്തിൽ സ്വയം പര്യാപ്തമാക്കുന്നതിന് ആവിഷ്ക്കരിച്ച പ്രോജക്ടിൽ ഒരു പശുവിന്റെ വിലയായ 55000/- രൂപ ഗുണഭോക്താവ് ബാങ്ക് വായ്പയിൽ നിന്നും കണ്ടെത്തുന്നു. ആയതിൽ 27500/- രൂപ സബ്സിഡി ആയി ബാങ്കിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ അടയ്ക്കുന്നു. പ്രസ്തുത പ്രോജക്ടിന്റെ നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താവിന് ബാങ്കിൽ നിന്നും ലോൺ അനുവദിക്കുകയും ആ തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ നിന്ന് എത് ഉടമയിൽ നിന്നാണോ കറവ പശുവിനെ വാങ്ങിയത് ആ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നൽകിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതിന്റെ രേഖകളും ആയത് തിരിച്ചടച്ചതിന്റെ രേഖകളും ഹാജരാക്കിയതിൽ ആകെയുള്ള 43 ഗുണഭോക്താക്കളിൽ 22 പേർക്ക് മാത്രം ആണ് 55000/- രൂപാ ലോൺ അനുവദിച്ചത്. ബാക്കിയുള്ളവർക്ക് 50000/- രൂപ വീതം ആണ് ലോൺ ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ആ തുക കറവ പശുവിനെ വിറ്റ ആളിന്റെ അക്കൗണ്ടിൽ നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2) പ്രസ്തുത പ്രോജക്ടിൽ പൊതു വിഭാഗത്തിനു നൽകാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 50% (പരമാവധി 27500/-) അണെന്നിരിക്കെ (ജി. ഒ. (എം.എസ്) 22/2018/തസ്വഭവ, തീ.14-2-2018) ഇൻഷ്വറൻസ് രേഖകൾ പ്രകാരവും ബാങ്ക് വായ്പാ

പ്രകാരവും 50000/- രൂപ വിലയുള്ള പശുവിന് 25000/- രൂപയ്ക്ക് പകരം 27500/- രൂപാ നൽകിയതു മൂലം 18 ഗുണഭോക്താക്കൾക്ക് 45,000 (2500 x 18) രൂപ അധികം നൽകിയിരിക്കുന്നു. ആയതിന് കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 45000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട വ്യകതികളിൽ നിന്നു തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. അല്ലെങ്കിൽ നിർവഹണഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

വ്യക്തിഗത ആനുകൂല്യം നൽകാനായി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ടിൽ നാലു ഗ്രൂപ്പുകൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. ടി ഗ്രൂപ്പുകളിലെ ആളുകളുടെ എണ്ണത്തിന് ആനുപാതികമായി ലോൺ തുക ഗ്രൂപ്പ് അക്കൗണ്ടിലേക്ക് ഒരുമിച്ച് നൽകിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. ആയതിന് കാരണം വിശദമാക്കിയിട്ടില്ല. പ്രസ്തുത ഗ്രൂപ്പ് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തണൽ , കീർത്തന, നന്മ, അർച്ചന എന്നീ നാലു ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് നൽകിയ സബ്സിഡി തുക 467500/- (17 x 27500/-) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. -5/4.10.19
നിരാകരിച്ച തുക – 45,000/-രൂപ
തടസ്സപ്പെടുത്തിയ തുക -4,67,500/-രൂപ

## 3-2 പ്രോജക്ടർ വാങ്ങൽ-സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയിൽ നിന്നും അധികരിച്ച് ചെലവഴിച്ചു

പൊതുവിദ്യാഭ്യാസ/എച്ച്.എസ്സ്.എസ്സ്/വി.എച്ച്.എസ്സ്.ഇ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ/എം.പി/എം.എൽ.എ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ പൊതുവിദ്യഭ്യാസ വകുപ്പിന്റെ 06-01-18 ലെ സ.ഉ(സാ.ധ)നം-97/18 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നിരക്കിലായിരിക്കണം വാങ്ങേണ്ടത്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി വാങ്ങൽ നടത്തിയിരിക്കുന്നു.

പ്രോജക്ട് നം-142/18-19- ‘ സ്കൂളുകൾ, അങ്കണവാടി എന്നിവയ്ക്ക് പ്രൊജക്ടർ ’ എന്ന പദ്ധതി പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഫണ്ടിൽ നിന്നും 200000/-രൂപ വകയിരുത്തിയിരുന്നതിൽ 195200/-രൂപ ചെലവഴിച്ച് 4 പ്രൊജക്ടറുകൾ, നികുതികൾ ഉൾപ്പെടെ 48800/- രൂപ നിരക്കിൽ ടെണ്ടർ നടപടികൾ മുഖേന കെ.എം.ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം നടത്തിയിരിക്കുന്നു.മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം നികുതികൾ ഉൾപ്പെടെ പ്രോജക്ടറിനായി ചെലവഴിക്കാവുന്ന പരമാവധി തുക 23860/-രൂപയാണ്. ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന മിനിമം സ്പെസിഫിക്കേഷൻ അഞ്ച് വർഷ വാറണ്ടി കാലയളവ് ആണ്. എന്നാൽ വാങ്ങിയിരിക്കുന്ന പ്രൊജക്ടറുകൾക്ക് രണ്ട് വർഷ വാറണ്ടി കാലയളവ് ആണ് ഉള്ളത്.

സർക്കാർ നിർദ്ദേശത്തിനനുസൃതമായി വാങ്ങിയിരുന്നുവെങ്കിൽ ചെലവാകുമായിരുന്ന തുക 95440/-രൂപ (23860 x 4) ആണ്. ആയതിൽ നിന്നും അധികമായി ചെലവഴിച്ച 99760/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നം-32/118-19/21.12.18
എൻക്വയറി നം. – 02/01.10.2019

## 3-3 സർക്കാർ നിർദ്ദേശമോ കമ്മിറ്റി തീരുമാനമോ കൂടാതെ താൽക്കാലിക നിയമനം- 26975/-രൂപ നിരാകരിക്കുന്നു

വിളക്കുടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തതിന് ശ്രീമതി.റസ്ന റഹിം എന്നയാൾക്ക് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം 26975/-രൂപ വേതനം നൽകിയിട്ടുണ്ട്. ടിയാരിയെ ദിവസ വേതനത്തിൽ നിയമിച്ചതിനുള്ള കാരണം വ്യക്തമല്ല. ആയത് സംബന്ധിച്ച കമ്മിറ്റി തീരുമാനം, നിയമന ഉത്തരവ് , ഫയൽ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി – 14ന് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ഏതെങ്കിലും പ്രത്യേക ജോലിക്കായി നിയമിച്ചതാണെങ്കിൽ ആയതിന് അനുവാദം നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവും ഹാജരാക്കാൻ എൻക്വയറിയിൽ നിർദ്ദേശിച്ചിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം: | വൗച്ചർനം: | തീയതി | തുക | ജോലി ചെയ്ത ദിവസങ്ങൾ | നിരക്ക് |
|---|---|---|---|---|---|
| 1 | 21800014 | 03-04-18 | 17550 | 26 | 675/ദിവസം |
| 2 | 51800488 | 20-08-18 | 9425 | 13 | 725/ദിവസം |
| | | ആകെ | 26975 | | |

വ്യക്തമായ ആവശ്യകതയോ , സർക്കാർ നിർദ്ദേശമോ കൂടാതെയും നടപടിക്രമങ്ങൾ പാലിക്കാതെയുമുള്ള താൽക്കാലിക നിയമനം ഓഡിറ്റ് അംഗീകരിക്കുന്നില്ല. താൽക്കാലിക നിയമനം മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം സെക്രട്ടറി ശ്രീ.ഭദ്രനിൽ നിന്നും ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരം നിയമനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 3-4 മരാമത്ത് പ്രവൃത്തി :ചെയ്യാത്ത പ്രവൃത്തി ഇനങ്ങൾക്ക് തുക അനുവദിച്ചു നൽകി : 1,84,760/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

1. പ്രവൃത്തിയുടെ പേര്: കമ്മ്യൂണിറ്റി ഹാൾ - മീനാക്കോട് കോളനി ഓട- സ്റ്റെപ്പ് നിർമ്മാണം , വാർഡ് – 16.
പ്രോജക്റ്റ് SO 190 / 19.
അടങ്കൽ തുക: 500000/-രൂപ (എസ്.സി.പി ഫണ്ട് 200000/-രൂപ, ധനകാര്യ കമ്മീഷൻ

ഗ്രാന്റ് 300000/-)
കരാറുകാരൻ: ശ്രീ. ഷിഹാബുദ്ദീൻ , ഷംനാ മൻസിൽ , കുന്നിക്കോട് .
പദ്ധതി നിർമ്മാണാധികാരി : അസി: എഞ്ചിനീയർ.
കരാർ നം . 20/AE/LS G D / vp / 17-18 തീയതി 26-12-17
എം.ബുക്ക് നം. 11 9/ 17-18
ആകെ പ്രവൃത്തി മൂല്യം : 499427.27
കുറയ്ക്കുക:
ടെണ്ടർ കുറവ് 0.1% 499.42
_ ---------------
498927.85/-രൂപ
കരാറുകാരന് ബിൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ :
ബിൽ നം: 372/ 31. 3.18 200000/-രൂപ
കുറയ്ക്കുക IT 1% 2000
KCWWF. 1% 2000
--------------
196000/-രൂപ
ബിൽ നം 29 / 8.6.18. 298928.
കുറയ്ക്കുക IT 1% 2989
KCWWF 1% 2989
----------------
292950/-രൂപ

(1). പ്രവൃത്തിയുടെ നടത്തിപ്പ് വേളയിൽ , 16.2.18 ലെ പഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ 1 (6 ) നമ്പർ തീരുമാനപ്രകാരം , അടങ്കൽ തുകയിൽ മാറ്റം വരാത്ത വിധം , മേൽ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചു നൽകിയിരുന്നു. ആദ്യ എസ്റ്റിമേറ്റിൽ ഇനം 12 ആയി നിശ്ചയിച്ചിരുന്ന 5.1.2 ഇനമായ "providing and laying in position specified grade of reinforced CC , excluding the cost of cetering,Shuttering, finishing and reinforcement, all work up to plinth level 1:1:5:3 എന്നത് 4.5എം$^{3}$' പുതുക്കിയ എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ 13-ാം ഇനമായി 164.79 കി.ഗ്രാം സ്റ്റീൽ ബാർ (ഇനം 5:22:6) പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും , ആയതിന്റെ പ്രവൃത്തി മൂല്യമായി എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന 14173.58/- രൂപ (86.01/കി:ഗ്രാം) അവസാന ബില്ലിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു. RCC പ്രവൃത്തി ഒഴിവാക്കായിട്ടും, സ്റ്റീൽ ബാറിന്റെ വിനിയോഗം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടും 25.9.19 ന് നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശ സാഹചര്യത്തിൽ ,14173/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

(2). പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന്റെ ഇനം 3 ആയ 4.1.8 providing and laying in position C C of specified grade excluding the cost of centering 1.4.8 പ്രവൃത്തി Step

Portion Base ചെയ്തതിന് 28x2.50x0.10 = 7 എം$^3$ എം ബുക്കിൽ പുറം 5 ൽ അളവ് രേഖപ്പെടുത്തുകയും ആയതിന്റെ മൂല്യമായി 6805 / എം$^3$ നിരക്കിൽ 47635/- രൂപ അവസാന ബിൽ തുകയിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു.

എന്നാൽ 3.10.19 ന് പഞ്ചായത്ത് ഓവർസീയർ ശ്രീമതി.എസ്.സോണിമോളുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ, സ്റ്റെപ്പുകൾ ഒന്നിനോടൊന്ന് ബന്ധം വിട്ട് വിള്ളലുകളോടു കൂടി കാണപ്പെട്ടു. ഇത്തരം വിള്ളലുകളിൽ ഇഴ ജന്തുക്കളുടെ സാന്നിദ്ധ്യം ഉള്ളതായും ആയത് ജീവനു തന്നെ ഭീക്ഷണിയാകുന്നതായും പ്രദേശ വാസികൾ അറിയിക്കുകയുമുണ്ടായി. കൂടാതെ, പ്രദേശവാസികളിലൊരാൾ ' വെട്ടുകത്തി ' പടികൾക്കിടയിലെ വിള്ളലുകളിൽ 25cm ൽ അധികം ആഴത്തിൽ കുത്തി ഇറക്കുകയും നിർമ്മിതിയിലെ അശാസ്ത്രീയത ചൂണ്ടിക്കാണിക്കുകയും ചെയ്തു. മേൽ വസ്തുതകൾ സ്ഥലപരിശോധനാ റിപ്പോർട്ടിൽ , പഞ്ചായത്ത് ഓവർസീയർ ശ്രീമതി .എസ്.സോണിമോൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കുത്തനെ ചരിവുള്ള പ്രദേശത്താണ് സ്റ്റെപ്പുകൾ തീർക്കുന്നത് എന്ന ഭൗതിക സാഹചര്യം ഉണ്ടായിട്ടു കൂടി , 28 മീറ്റർ നീളത്തിലുള്ള 'Bed concrete ' ഒഴിവാക്കി വെറും നിലത്ത് കോൺക്രീറ്റ് സ്റ്റെപ്പുകൾ തീർത്തതും ചെയ്യാത്ത Bed Concrete ന് 47635/- വില ചേർത്ത് കരാറുകാരന് നൽകിയതും പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതര കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. അശാസ്ത്രീയ നിർമ്മാണം മൂലം സ്റ്റെപ്പുകൾ ആകെത്തന്നെ നാശോന്മുഖമായ അവസ്ഥയിലാണ്. മേൽ ഓഡിറ്റ് നിരീക്ഷണത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 04.10.19 ന് നൽകിയ 30ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശ സാഹചര്യത്തിൽ ,47635/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

3. കുന്നിക്കോട് മാർക്കറ്റിൽ വനിതകൾക്ക് വിശ്രമകേന്ദ്രം (പുനരുദ്ധാരണം)
പ്രോജക്ട് 273 / 19.
അടങ്കൽ തുക: 300000/-രൂപ (വികസന ഫണ്ട് )
കരാറുകാരൻ: ശ്രീ.നിതിൻ മേനോൻ .
പദ്ധതി നിർമാണാധികാരി : അസി: എഞ്ചിനീയർ.
കരാർ നം . 45/AE/LS G D / vp / 18-19 തീയതി 29-10-18.
ആകെ പ്രവൃത്തി മൂല്യം :267885/-രൂപ
കരാറുകാരന് ബിൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ :
ബിൽ നം: 348/16. 3.19 :267885/-രൂപ
കുറയ്ക്കുക IT 1% 2679/-രൂപ
KCWWF. 1% 2679/-രൂപ
GST 2% 5358/-രൂപ
കരാറുകാരന് നൽകിയ തുക:257169/-രൂപ

മേൽ പ്രവൃത്തിയുടെ എം ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എം.ബുക്ക് ആവശ്യപ്പെട്ടുകൊണ്ടു 03.10.19-ന് നൽകിയ ഓഡിറ്റ് റിക്വിസിഷന് പദ്ധതി നിർമാണാധികാരി മറുപടിയും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ അവസാന ബിൽ പരിശോധിച്ചതിൽ, പതിനാലാം ഇനമായി steelwork welded in built up /framed work including cutting, hoisting, fixing in position and applying a priming coat of primer using structural steel etc as required in gratings, frames, guardbar, ladder, railing, gates etc.... എന്ന ഇനം പ്രവർത്തി 966.3 കി.ഗ്രാം നടത്തിയതിന് 127.24/-രൂപ നിരക്കിൽ 122952/-രൂ ഉൾപ്പെടുത്തി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ 03-10-19 ന് ,പഞ്ചായത്തിന്റെ II$^{nd}$ ഗ്രേഡ് ഓവർസീയർ ശ്രീമതി എസ്. സോണിമോളുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ, വനിതകളുടെ വിശ്രമകേന്ദ്രം ആയി പണിത കെട്ടിടത്തിൽ ( എക്സൈസ് ഓഫീസായി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വലതുവശത്തായും, മാർക്കറ്റിന് അഭിമുഖമായും നിൽക്കുന്ന കെട്ടിടം. പ്രസ്തുത കെട്ടിടത്തെ തിരിച്ചറിയാൻ കഴിയുന്നവിധത്തിലുള്ള ബോർഡോ മറ്റ് അടയാളങ്ങളോ ഇല്ല.) മേൽ പരാമർശിച്ച പ്രവർത്തി നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. (പ്രാദേശിക പരിശോധനാ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു). മേൽ ഓഡിറ്റ് നിരീക്ഷണത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 04.10.19 ന് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശ സാഹചര്യത്തിൽ ,122952/- രൂപായുടെ ചെലവ് അംഗീകരിക്കുന്നില്ല.

മേൽ ക്രമനമ്പർ 1, 2 ഖണ്ഡികകളിലായി നിരാകരിക്കപ്പെട്ട ആകെ തുക 184760 /- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-5 എസ്.സി. കുട്ടികൾക്ക് സൈക്കിൾ വിതരണം- വിതരണ രേഖകളില്ല

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി. കുട്ടികൾക്ക് സൈക്കിൾ വിതരണം ( നം. 239/19) എന്ന പദ്ധതിയിൽ 3,25 ,125 / -രൂപ (സൈക്കിൾ ഒന്നിന് 3825/-രൂപ) ചെലവഴിച്ച് ആൺകുട്ടികൾക്കുള്ള 48 സൈക്കിളുകളും പെൺകുട്ടികൾക്കുള്ള 37 സൈക്കിളുകളും വാങ്ങിയിട്ടുണ്ട്. [ബിൽനം: 4/18-19 തീയതി 29-8 - 18, 252280 /- രൂപ, ബിൽനം 5/18-19 തീയതി 30-8-18, 72845/- രൂപ ] . സൈക്കിളുകളും വിതരണ രേഖകളും പരിശോധിച്ചതിൽ ആൺകുട്ടികളുടെ 45 ഉം പെൺകുട്ടികളുടെ 35 ഉം സൈക്കിളുകളും വിതരണം നടത്തിയതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | വിതരണം നടത്തിയ ആൺകുട്ടികൾക്കുള്ള സൈക്കിളുകളുടെ എണ്ണം | വിതരണം നടത്തിയ പെൺകുട്ടികൾക്കുള്ള സൈക്കിളുകളുടെ എണ്ണം |
|---|---|---|---|
| 1 | വി.എൻ.എച്ച്.എസ്,എസ്,പുനലൂർ | 4 | 2 |
| | | | |

| | | | |
|---|---|---|---|
| 2 | എച്ച്.എസ്,ചെമ്മണ്ണൂർ | 2 | 2 |
| 3 | എംഎംഎച്ച്.എസ്,,വിളക്കുടി | 15 | 20 |
| 4 | ഡി.കെ.എച്ച്.എസ്,കോട്ടവട്ടം | 0 | 1 |
| 5 | എ.പി.പി.വി.എച്ച്.എസ്,എസ്,ആവണീശ്വരം | 20 | 9 |
| 6 | എം.എ.എം.എച്ച്.എസ്,ചെങ്ങമനാട് | 2 | 0 |
| 7 | ടി.എച്ച്.എസ്,,എഴുകോൺ | 1 | 0 |
| 8 | എം.ടി..എച്ച്.എസ്, പത്തനാപുരം | 1 | 0 |
| 9 | സെന്റ് ഗൊരറ്റി എച്ച്.എസ്,പുനലൂർ | 0 | 1 |
| | ആകെ | 45 | 35 |

വിതരണം നടത്താതെ ശേഷിക്കുന്ന 5 സൈക്കിളുകളുടെ [ആൺ - 3, പെൺ - 2 ] വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 05.10.19-ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -18ന് മറുപടി നൽകിയില്ല. ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ആൺകുട്ടികൾക്കുള്ള 3 ഉം പെൺകുട്ടികൾക്കുള്ള 1 ഉം സൈക്കിളുകൾ പഞ്ചായത്ത് ഓഫിസിൽ സൂക്ഷിച്ചിട്ടുള്ളതായി ബോധ്യമായി. പെൺകുട്ടികൾക്കുള്ള ഒരു സൈക്കിളിന്റെ വിതരണരേഖകൾ ലഭ്യമല്ല. വിതരണം നടത്താതെ ശേഷിക്കുന്ന 4 സൈക്കിളുകൾ വിതരണം നടത്തി റിപ്പോർട്ട് ചെയ്യുന്നത് വരെ ആയതിന്റെ വിലയായ 15,300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണം വിവരം ലഭ്യമല്ലാത്ത 1 സൈക്കിളിന്റെ വിലയായ 3,825/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ അസി.സെക്രട്ടറി ശ്രീ.വിനോദ്കുമാറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 പട്ടികജാതി കുട്ടികൾക്ക് ഫർണിച്ചർ :- കരാറുകാരന് കരാർ തുകയിലും അധികമായി തുക നൽകി . 300,69/- രൂപായുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രോജക്ട് : S.O.189/ 18-19

നിർവ്വഹണാധികാരി : അസി: സെക്രട്ടറി .

കരാറുകാരൻ : തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്ക്സ് , പത്തനംതിട്ട .

അടങ്കൽ തുക . 625000/- വികസന ഫണ്ട് ( SCP )

കരാർ നം: ഇല്ല/ തീയതി: 3. 1.18

പദ്ധതി ചെലവ്: 197119 രൂ.

ബിൽ 1/18-19 തീയതി: 29.5.18.

പഞ്ചായത്ത് അതിർത്തിയിൽ ഉൾപ്പെടുന്ന പട്ടികജാതി കുടുംബാംഗങ്ങളായ സ്കൂൾ കുട്ടികളുടെ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി പഠന മേശയും കസേരയും വാങ്ങി നൽകുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. 125 എണ്ണം മേശയും കസേരയും സപ്ലൈ ചെയ്യുന്നതിനായി ക്ഷണിച്ച ETender- ൽ തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്ക്സ്, പത്തനംതിട്ട എന്ന സ്ഥാപനം ഒരു സ്റ്റീൽ ടേബിളും സ്റ്റീൽ കസേരയുമടങ്ങുന്ന ഒരു യൂണിറ്റിന് എല്ലാ നികുതികളും ഉൾപ്പെടെ ഏറ്റവും കുറഞ്ഞ നിരക്കായ 3341/- രൂപ രേഖപ്പെടുത്തി കരാർ നേടി. (BID ID 433950, Dtd: 3.1. 18) എന്നാൽ, കരാർ പ്രകാരം വിതരണം നടത്തിയ 50 യൂണിറ്റുകളുടെ വിലയായി 3341/- രൂപയോടൊപ്പം 18%

ജി.എസ്.ടി കൂട്ടിച്ചേർത്ത് 197119/- രൂപയുടെ ബിൽ സമർപ്പിക്കുകയും പ്രസ്തുത തുക അനുവദിച്ച് നൽകുകയും ചെയ്തു. കരാർ പ്രകാരം അനുവദിക്കേണ്ടിയിരുന്ന 167050/- രൂപയ്ക്ക് അധികമായി കരാറുകാരന് അനുവദിച്ച നൽകിയ 30069/- രൂപായുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. 30050/ - രൂപ പദ്ധതി നിർവഹണം നടത്തിയ അസിസ്റ്റൻറ് സെക്രട്ടറി യിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.
മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 4.10.19 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19-8-2019 | കെ.എസ്.എ.കെ.എൽ.എം. പി.9/1321/19/17.9.17 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 42500 | ഹരിത കേരളം-സമഗ്രനെൽകൃഷിവികസനം | 42500 | 0 |
| | | 11545 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 111545 | |
| | | 252058 | അങ്കണവാടി പോഷകാഹാരം | 252058 | |
| | | 1500000 | ശ്മശാനം റോഡ് നിർമ്മാണം | 0 | 1500000 |
| | | 200000 | വെള്ളാക്കോണം എലാ തോട് സൈഡ് കെട്ട് | 0 | 200000 |
| | | 351563 | ലൈഫ് | 351563 | |
| ജില്ലാ പഞ്ചായത്ത് | | 42500 | ഹരിത കേരളം-സമഗ്രനെൽകൃഷിവികസനം | 425400 | 0 |
| | | 170000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 169999 | |
| | | 100000 | അങ്കണവാടി പോഷകാഹാരം | 100000 | |
| | | 2891750 | ലൈഫ് | 2891750 | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 3094187 | ശ്മശാനം | 0 | 3094187 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി 16,38,200/-രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് | ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം | 2560127/ 29-3-19 | 1638200/- | ---- | 1638200/- |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 18180000/-രൂപ വരവുണ്ട്. 18180000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | 18180000 | ---- | | | 18180000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,000 |
| | |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർ സർട്ടിഫിക്കേറ്റ് | 1,000/- |
| **ആകെ** | **1,000/-** |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-15 | 2006-07 | 3-11-5 | കൺവീനർമാർക്ക് നൽകിയ മുൻകൂർ ക്രമപ്പെടുത്തിയില്ല | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 138819653 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 100790880 |
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 390389 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6667707 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 45000/- | ഡോ.സിന്ധു ബാലൻ, വെറ്റിനറി സർജൻ |
| 3-2 | | 99760/- | ശ്രീ. ശ്രീകുമാർ .എം, ഹെഡ്മാസ്റ്റർ |
| 3-3 | | 26975/- | ശ്രീ. റ്റി. എൻ.ഭദ്രൻ, സെക്രട്ടറി |
| 3-4 | | 184760/- | ശ്രീ. രാജേന്ദ്രകുമാർ അസിസ്റ്റന്റ് എഞ്ചീനിയർ |
| 3-5 | | 3825/- | ശ്രീ. വിനോദ് കുമാർ അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | | 30069/- | ശ്രീ. വിനോദ് കുമാർ അസിസ്റ്റന്റ് സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 500000 | ശ്രീ. വിനോദ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 1638200 | ശ്രീ. റ്റി. എൻ.ഭദ്രൻ, സെക്രട്ടറി |
| 1-19 | 467500 | ഡോ.സിന്ധുബാലൻ, വെറ്റിനറി സർജൻ |
| 1-21 | 355200 | ശ്രീ. വിനോദ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 477340 | ഡോ.സിന്ധു ബാലൻ, വെറ്റിനറി സർജൻ |
| 1-23 | 1040256 | ശ്രീ. റ്റി. എൻ.ഭദ്രൻ,സെക്രട്ടറി |
| 1-29 | 2189211 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിന്ധു ബാലൻ വെറ്റിനറി സർജൻ | ---- | ഫ്ലാറ്റ് നമ്പർ 11,എ1-രോഹിണി ആർട്ട്ടെക് , വട്ടിയൂർകാവ് , തിരുവനന്തപുരം |
| ശ്രീ. ശ്രീകുമാർ . എം, എച്ച്.എം | ---- | ശ്രീമംഗലം, പെരിനാട് പി. ഓ. കൊല്ലം |
| റ്റി. എൻ.ഭദ്രൻ, സെക്രട്ടറി | ---- | സിന്ധുഭവൻ, പവിത്രേശ്വരം, പി.ഓ, പുത്തൂർ |
| രാജേന്ദ്രകുമാർ അസിസ്റ്റന്റ് എഞ്ചീനിയർ | ---- | സൂര്യരാജചിന്ത്, കൈലാസ് നഗർ, കൊയ്ത്തൂർകോണം പി. ഓ, പോത്തൻകോട് 695584 |
| ശ്രീ.വിനോദ്കുമാർ, അസിസ്റ്റന്റ് സെക്രട്ടറി | ---- | കന്നിമേൽ വീട്, കോലം, പൻമന, ചവറ.പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(3) തീയതി- 28.04.18 | 6 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(4) തീയതി-28.04.18 | 1 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി9- | 10 |

| | | |
|---|---|---|
| | 381/2018(6) തീയതി-28.04.18 | |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(7) തീയതി-28.04.18 | 4 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(8) തീയതി-28.04.18 | 6 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(9) തീയതി-28.04.18 | 5 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(10) തീയതി-28.04.18 | 12 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 1 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019) തീയതി-31.5.19 | 6 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 6 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 4 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019(10) തീയതി-31.5.19 | 4 |
| 2011-12<br>2012-13 | എൽ. എഫ്.ക്യൂ.പി.7/420/14 തീയതി-05.04.2014 | |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/784/2016/ തീയതി-<br>07-06-2016 | |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി7/1844/2016 തീയതി- 23.03.2017 | |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി9/1916/2017 തീയതി-12.12.17 | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് വകുപ്പ്, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം 2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1 സാക്ഷ്യപത്രം 2018 - 19

നം:കെ.എസ്.എ.കെ.എൽ.എം.പി.9/1523/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.

പിൻ - 691 001, Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in

തീയതി:05/12/2019

## ഓഡിറ്റ് സാക്ഷ്യപത്രം 2018-19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു

**ഡെപ്യൂട്ടി ഡയറക്ടർ**

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

No.KSA.KLM.P9/1523/2019, Dated – 05/12/2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **vilakkudy Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **vilakkudy Grama Panchayath** for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam